AR
170

MADRAS GOVERNMENT ORIENTAL MANUSCRIPTS SERIES No. XLIV

# സിദ്ധൌഷധ ഗ്രന്ഥം

# SIDDHAUṢADHA GRANṄTHAM

EDITED BY

T. CHANDRASEKHARAN, M.A., L.T.
*Curator, Government Oriental Manuscripts Library, Madras*
AND
the staff of the Library

*(Under the Orders of the Government of Madras)*

PRINTED BY THE SUPERINTENDENT
GOVERNMENT PRESS
MADRAS
1955

*Price*, *Rs.* 2-0-0

MADRAS GOVERNMENT ORIENTAL MANUSCRIPTS SERIES No. XLIV

# സിദ്ധൌഷധ ഗ്രന്ഥം

# SIDDHAUSADHA GRANTHAM

EDITED BY

T. CHANDRASEKHARAN, M.A., L.T.
*Curator, Government Oriental Manuscripts Library, Madras*

AND

the staff of the Library

*(Under the Orders of the Government of Madras)*

PRINTED BY THE SUPERINTENDENT
GOVERNMENT PRESS
MADRAS
1955

# PREFACE

This book which contains a description of Āyurvedic medicines is based on a single manuscript in this library bearing D. No. 213 and copied from a palm-leaf manuscript that belonged to Kavaḷappāra Mūppil Nair. The value of the work consists more in its being the notes of a very erudite physician than in its being a book on medicine. The desultory manner in which the subject-matter is treated may be due to this peculiar character.

One can have a very limited knowledge of symptoms of diseases from this book and so he has to depend on his own experience or other books on medicine for diagnosing the illness. The book is mainly a recipe of a number of remedies with occasional prescriptions of medical diet for the patient. The method of preparation of Kaṣāyas, Ghṛtams, Cūrṇas, Tablets, etc., are well dealt with in this book. The meanings of the names of medicines have been explained clearly wherever it is found necessary.

There are many mistakes in the manuscript. As another copy of the manuscript is not available for comparison, the book has been published as found in the original. The spelling mistakes alone have been corrected as far as possible.

Though the entire book is composed in verse, the poetry is not of much literary value. Even the metre is wrong in several places. Neither the date of composition nor any detail about the author is available. Another book on medicines bearing D. No. 209, Vaidyasārasaṅgraha by name, has been published as No. 45 in the Oriental Manuscript Series. This was also copied from a palm-leaf manuscript belonging to Kavaḷappāra Mūppil Nair. By a careful examination of this book and the book now published, a remarkable similarity between them can be discovered; and on account of this, it may be that both of them are from the pen of the same person. In the last verse in each of the seven chapters of Vaidyasārasaṅgraha, the poet says that he wrote the book by the order of Kavaḷappāra Mūppil Nair. If these two books are written by the same author and if the Kavaḷappāra Mūpppil Nair, about whom the poet makes a mention in the Vaidyasārasaṅgraha, can be identified without any doubt, then the date of composition can be known. But there is no possibility to find out even the name of that Kavaḷappāra Mūppil Nair since the euology of the poet can be equally applicable to all the Mūppil Nairs.

While the Siddhauṣadhagrantha begins with a stanza invoking the help of the Gods, there is no such invocation in Vaidyasārasaṅgraha. The poet who mentions Kavaḷappāra Mūppil Nair seven times in the Vaidyasārasaṅgraha does not make any mention about him in the Siddhauṣadhagrantha. Hence the two books may not be the works of the same author.

In this book there are prescriptions for about sixty diseases like fever, asthma, cancer, leprosy, elephantiasis, delirium, etc.

My thanks are due to Sri C. N. Gangadharan Nair, Malayalam Pandit, of this library for preparing the press copy and correcting the proof.

T. CHANDRASEKHARAN,
*Curator.*

Govt. Oriental Manuscripts Library,
MADRAS-5.

# അവതാരിക

പരമ്പരയായി, പ്രയോഗംകൊണ്ടു് കൈകണ്ടവയാണെന്നു' തെളിഞ്ഞു കഴിഞ്ഞ ഔഷധങ്ങളെപ്പററി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന്നുള്ള ഏകാവലംബം, കവളപ്പാറ മൂപ്പിൽ നായരുടെ കയ്യിൽനിന്നു കിട്ടിയ താളിയോല ഗ്രന്ഥം ഇവിടെ D. 213-ാം നമ്പറായി പകർത്തി സൂക്ഷിച്ചിരിക്കുന്ന കയ്യെഴുത്തു പ്രതിയാണു്. ഇതു് ഒരു വൈദ്യഗ്രന്ഥം എന്ന രൂപത്തിലല്ല, പണ്ഡിതനായ ഒരു ഭിഷഗ്വരന്റെ കുറിപ്പുകളുടെ നിലയിലാണിരിക്കുന്നതു്. അതുകൊണ്ടായിരിക്കണം വിഷയങ്ങൾക്കു് ഒരു അടുക്കും ചിട്ടയും ഇല്ലാതെപോയതു്.

## ഗ്രന്ഥസ്വഭാവം.

സാധാരണ വൈദ്യഗ്രന്ഥങ്ങളിൽ പറയാറുള്ള രോഗലക്ഷണങ്ങൾ ഈ ഗ്രന്ഥത്തിൽ വളരെ അപൂർവ്വമായേ പറഞ്ഞു കാണുന്നുള്ളു. മററു ഗ്രന്ഥ പരിചയംകൊണ്ടു്, വൈദ്യൻ രോഗം എന്താണെന്നു നിശ്ചയിക്കണം. ചികിത്സാവിധികളാണു് ഇതിലെ പ്രധാന പ്രതിപാദ്യം. രോഗിക്കു കൊടുക്കേണ്ട ഭക്ഷണത്തെക്കുറിച്ചും അവിടവിടെ സ്പർശിച്ചതായി ഇതിൽ കാണുന്നു. കഷായം, ഘൃതം, ചൂർണ്ണം, എണ്ണ, തൈലം, ലേപനൌഷധം, കണ്ണെഴുതുവാനുള്ള മഷി എന്നിവയുടെ യോഗങ്ങളെക്കുറിച്ചുള്ള സവിസ്തര പ്രതിപാദനം ഈ ഗ്രന്ഥത്തിലുണ്ടു്. മരുന്നുകളുടെ പേരിന്നു വേണ്ടിടത്തെല്ലാം അർത്ഥം മൂലത്തിൽതന്നെ കൊടുത്തിട്ടും ഉണ്ടു്.

ഒട്ടു മിക്ക പഴയ ഗ്രന്ഥങ്ങളിലും കാണാറുള്ളതുപോലെ ഗ്രന്ഥപാതങ്ങൾ ഇതിലും ധാരാളമുണ്ടു്. ഒത്തുനോക്കുവാനോ, താരതമ്യപ്പെടുത്തുവാനോ രണ്ടാമതൊരു ഗ്രന്ഥം കിട്ടുവാനില്ലാത്തതിനാലും, ഊഹങ്ങൾ അസ്ഥാനത്തായേക്കുമോ എന്നു ശങ്കിക്കുന്നതിനാലും ആവക പഠങ്ങൾ അങ്ങിനെതന്നെ വിട്ടിരിക്കുകയാണീ ഗ്രന്ഥത്തിൽ. അക്ഷരപ്പിഴകളും വളരെ ഉണ്ടു്. അവ കഴിയുന്നതും തിരുത്തിയിട്ടും ഉണ്ടു്.

പദ്യമയമായ ഈ ഗ്രന്ഥത്തിൽ, തൽകർത്താവു് കവിതയുടെ കാര്യത്തിൽ അത്രയൊന്നും ശ്രദ്ധചെലുത്തിയതായി വിശ്വസിക്കുക വയ്യ. വൃത്തഭംഗം തന്നെ പലയിടത്തും പററിയിട്ടുണ്ടു്.

സംസ്കൃത വൃത്തങ്ങളും, മാത്രാവൃത്തങ്ങളും ഗ്രന്ഥകാരൻ യഥേഷ്ടം ഉപയോഗിച്ചിട്ടുണ്ടു്. ശാസ്ത്രഗ്രന്ഥമായിരുന്നിട്ടും, അവിടവിടെ കാണുന്ന അലങ്കാരപ്രയോഗങ്ങൾ കവിയുടെ കഴിവിൻെറ നിദർശനങ്ങളാണു്.

## കവി, കാലം,

കവി ആരാണെന്നോ, ഏതുകാലത്താണീഗ്രന്ഥം രചിച്ചതെന്നോ അറിയുവാൻ യാതൊരു വഴിയും കാണാതെയാണിരിക്കുന്നതു്. കവളപ്പാറ മൂപ്പിൽ നായരുടെ പക്കൽനിന്നുതന്നെ കിട്ടിയ വൈദ്യസാര സംഗ്രഹം എന്ന ഒരു വൈദ്യ ഗ്രന്ഥം D. 209-ാം നമ്പറായി ഇവിടെ പകർത്തിയെഴുതിയതു് ഓറിയൻറൽ മാനുസ്ക്രിപ്റ്റ്സ് സീരീസിൽ ഉൾപ്പെടുത്തി ഇതിനു മുമ്പുതന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. സിദ്ധൌഷധ ഗ്രന്ഥവും, വൈദ്യസാര സംഗ്രഹവും ഭാഷ, കവിതാരീതി എന്നിവയിൽ ഏതാണ്ടു് ഒരുപോലെ ഇരിക്കുന്നതിനാൽ രണ്ടും ഒരാളുടെതന്നെ കൃതികളാണൊ എന്നു് സംശയിക്കാൻ വഴിയുണ്ടു്. വൈദ്യസാരസംഗ്രഹത്തിൽ ഒന്നു മുതൽ ഏഴുവരെയുള്ള അദ്ധ്യായങ്ങളിൽ അവസാനത്തെ ഓരോ ശ്ലോകങ്ങളിൽ കവി, താൻ കവളപ്പാറ മൂപ്പിൽ നായരുടെ കല്പന പ്രകാരമാണു് ഗ്രന്ഥം എഴുതുന്നതു് എന്നു പറയുന്നു. ഈ രണ്ടു് ഗ്രന്ഥങ്ങളും ഒരാളുടെതന്നെയാണെങ്കിൽ, വൈദ്യസാരസംഗ്രഹത്തിൽ കവി സൂചിപ്പിച്ച മൂപ്പിൽ നായർ ആരാണെന്നറിഞ്ഞാൽ അതുവഴി കവിയുടെ കാലവും, ഒരുപക്ഷെ നാമവും കണ്ടുപിടിക്കാൻ സാധിച്ചേക്കും. പക്ഷെ ആ മൂപ്പിൽ നായർ ആരാണെന്നറിയുന്നതിനുള്ള വഴികളും ഇല്ലാതെയാണിരിക്കുന്നതു്. കവിയുടെ വർണ്ണന ഏതാണ്ടെല്ലാ മൂപ്പിൽ നായന്മാർക്കും യോജിക്കുന്നതിനാൽ ആ പ്രത്യേക വ്യക്തി ഏതെന്നറിയുവാൻ അതുവഴി സാധിക്കുമെന്നു തോന്നുന്നില്ല.

സിദ്ധൌഷധ ഗ്രന്ഥം വന്ദനശ്ലോകത്തോടെ തുടങ്ങുമ്പോൾ, വൈദ്യസാര സംഗ്രഹം അതില്ലാതെയാണാരംഭിക്കുന്നതു്. വൈദ്യസാരസംഗ്രഹത്തിൽ ഏഴുപ്രാവശ്യം മൂപ്പിൽ നായരെ അനുസ്മരിച്ച കവി, സിദ്ധൌഷധ ഗ്രന്ഥത്തിൽ ഒരു പ്രാവശ്യംപോലും അദ്ദേഹത്തെ അനുസ്മരിക്കുന്നില്ല, ഇക്കാരണങ്ങളാൽ രണ്ടും ഒരാളുടെതന്നെ കൃതികളാണോ എന്ന കാര്യം ഉപരിഗവേഷണം കൊണ്ടു വേണം തീർച്ചയാക്കാൻ.



കവി സംസ്കൃതത്തിലും മലയാളത്തിലും വ്യുല്പത്തി സമ്പാദിച്ച ഒരു നല്ല പണ്ഡിതനായിരുന്നു എന്നു മാത്രം കൊണ്ടു തല്ക്കാലം സമാധാനിക്കേണ്ടിയിരിക്കുന്നു.

പനി, രക്തപിത്തം, കാസം, പ്രമേഹം, അപസ്മാരം, കുഷ്ഠം, അർബ്ബുദം, പെരുങ്കാലു് തുടങ്ങി അറുപതോളം വ്യാധികൾക്കുള്ള ചികിത്സ ഈ ഗ്രന്ഥത്തിലുണ്ടു്.

ഈ പ്രസിദ്ധീകരണത്തിൽ ഒരു വിഷയ സൂചിയും, ശ്ലോകാനുക്രമണികയും ചേർത്തിരിക്കുന്നു.

ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച ശ്രീ സി. എൻ. ഗംഗാധരൻ നായരോടു് ഞാൻ കൃതജ്ഞനാണു്.

ടി. ചന്ദ്രശേഖരൻ,
ക്യൂറേറ്റർ.

ഗവമ്മേണ്ടു് ഓറിയൻറൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, മദ്രാസ്-5.

# വിഷയസൂചി


| | പുറങ്ങൾ |
|---|---|
| അഗ്നിമാന്ദ്യം .. .. .. | 2 |
| അജീർണ്ണം .. .. .. .. | 22 |
| അരിംപാറ .. .. .. .. | 33 |
| അസ്ഥിസ്രാവം .. .. .. | 6 |
| അർബ്ബുദം .. .. .. .. | 58 |
| അർശ്ശസ്സ് .. .. .. .. | 11, 12, 13, 14, 41 |
| ഇക്കിൾ .. .. .. .. | 8, 9 |
| എലിവിഷം .. .. .. | 58, 59 |
| ഏങ്ങൽ .. .. .. .. | 7, 9 |
| ഒച്ചയടപ്പ് .. .. .. | 9, 10 |
| ഒടച്ചിലന്തി .. .. .. | 17 |
| ഓഷ്ഠരോഗം .. .. .. | 49 |
| കട്ടന്നൽകുത്ത് .. .. .. | 58 |
| കണ്ണ്രോഗം .. .. .. | 48, 49 |
| കഴച്ചിൽ .. .. .. .. | 39 |
| കാമിലാ ഭേദങ്ങൾ .. .. .. | 25, 26, 27, 29 |
| കാസം .. .. .. . | 7, 8, 9 |
| കുരു .. .. .. .. | 17, 18 |
| കുഷ്ഠം .. .. .. .. | 30, 31 32, 33, 35, 36, 39 |
| കുഴിനഖം .. .. .. | 35 |
| ക്രിമി .. .. .. .. | 24, 33, 37, 38 |
| കൈതി .. .. .. .. | 23 |
| ക്ഷയം .. .. .. .. | 23 |
| ഗർഭിണികൾക്കുള്ള ചികിത്സ .. .. | 42, 43, 44 |
| ഗർഭം ഉണ്ടാകാതിരിക്കാൻ .. .. | 44 |
| ഗുന്മൻ .. .. .. .. | 18, 19, 22 |
| ഗുന്മശൂലലക്ഷണം .. .. .. | 21 |
| ഗ്രഹണി .. .. .. .. | 14 |
| ചുണങ്ങ് .. .. .. .. | 34, 36 |
| ചുമ .. .. .. .. | 7, 8, 9 |
| ചൊറി .. .. .. .. | 30, 32, 33, 34, 35 36, 37 |
| ഛർദ്ദി .. .. .. .. | 9, 10, 11 |
| തലയ്ക്കുള്ള ചികിത്സ .. .. .. | 53, 55 |
| തലനോവ് .. .. .. | 4, 40 |
| തളച്ച് .. .. .. .. | 39 |

| | പുറങ്ങൾ. |
|---|---|
| നഖം പോകൽ .. | 57 |
| നാസികാരോഗം .. .. .. | 52 |
| നിദ്ര .. .. .. .. | 40, 41 |
| നെഞ്ഞുവേദന .. .. .. | 21, 22 |
| നേത്രരോഗം .. .. .. | 46, 47, 48 |
| പദകരി .. .. .. .. | 37 |
| പനി .. .. .. .. | 1, 2, 3, 4, 5, 13, 24 |
| പല്ലുവേദന മുതലായത്. .. .. | 50, 51 |
| പാണ്ഡുരോഗം .. .. .. | 24, 30, 29 |
| പാദകുഷ്ഠം .. .. .. | 35 |
| പിത്തം .. .. .. .. | 25, 27, 28 |
| പ്ലീഹോദരം .. .. .. | 23 |
| പെരിക്കാല് .. .. .. | 58 |
| പ്രമേഹം .. .. .. .. | 16, 17, 25 |
| ബാലചികിത്സ .. .. .. | 44, 45 |
| മണ്ണുതിന്നൽ .. .. .. | 27 |
| മൂത്രം പോകാതിരിക്കൽ .. .. | 14, 15, 42 |
| രക്തപിത്തം .. .. .. | 5 |
| രക്തസ്രാവം .. .. .. | 56 |
| ഛർദ്ദി .. .. .. .. | 5 |
| വയറുവേദന .. .. .. | 19, 20, 21, 22, 23, 24 |
| വസൂരി .. .. .. .. | 57 |
| വാതം .. .. .. .. | 38, 39, 40 |
| വായ്പുണ്ണ് മുതലായത് .. .. | 49, 50, 51, 52 |
| വിരേചനം .. .. .. | 41, 42 |
| വിസൎപ്പം .. .. .. | 30, 31 |
| വീക്കം .. .. .. .. | 9, 18, 29, 37 |
| വ്രണം .. .. .. .. | 53, 54, 55, 56 |
| ശുക്ലസ്രാവം .. .. .. | 6 |


കുറിപ്പ്.—37-ാം പെയ്ജിൽ 4, 7 എന്നീ വരികളിലുള്ള 'പദസരി' എന്ന പദത്തിന്ന് 'പദകരി' എന്ന പാഠമായിരിക്കണം ശരി. കുഷ്ഠത്തിന്റെ ഒരു വകഭേദമാണിത്.

## സിദ്ധൌഷധ ഗ്രന്ഥം.

മത്തേഭാനനനാദിദേവനമലൻ മാംഗല്യമെല്ലാററിനും
മുല്പാടായ് നിലനിന്നവൻ ദശഭുജോ ദേവോഗണാനാം
[പതി:
സത്യാനന്ദമയീ ചരാചരമയീ വാണീ ച ധന്വന്തരി-
ന്നിത്യാത്മാ ച കരോതു സന്തതജഗദ്രക്ഷാവിധൌ
[മംഗളം.

പാരംപര്യേണസിദ്ധൈൎഗ്ഗദിത മവധൃതം യൽപുരാഭേഷജാനാം
വ്രാതം പ്രത്യക്ഷസിദ്ധം വിദുരിഹമുനയസ്താനി
[സിദ്ധൌഷധാനി.
വക്ഷ്യേ തേഷാം പ്രസാദാദഹമതികൃശധീ: കാനിചി
[ത്തേഷ്വിദാനീ-
മായുൎവ്വേദോപദേശേഷ്വതിശയനിപുണാ: ക്ഷന്തുമൎഹന്തി
[സന്ത:

ആഹാരേഷു വിഹാരേഷു ഹീനമിഥ്യാതിയോഗത:
ദേഹാദികളിലുണ്ടാകും രോഗാദ്യാമയമാമയം.
തനിച്ചുമോരോന്നിലൊരോന്നു ചേൎന്നു [ം]
മുഴുത്തുമുണ്ടാകിന ദോഷഭേദൈ:
വികല്പിതവ്യാധിനിദാനമേററം
ചുരുക്കമായ്ക്കൊണ്ടുപപാദയാമി.
അഴൽമതി കതിരോനെന്നിങ്ങിനെ വിശ്വരക്ഷാ-
മൃതമഖിലപദാൎത്ഥേഷ്വാസ്ഥിതം ത്രിപ്രകാരം.
അഖിലതനുഷു തത്തദ്ദീപകം യൽപദാൎത്ഥ-
വ്യതികരസമമേതദ്ഭേഷജം ദോഷഹാരി.
പാലും തുളസിതൻ നീരുമൊക്കെക്കൊണ്ടു പചിച്ചുടൻ
പേയാ . . . . ജ്വരേഷു ലിഹ്യാത്ത ദേരുതൈലേന
[കല്ക്കിതം.

തിരുത്തുവാതം മുരടൊമ്പതിൽ കഴ-
ഞ്ഞുരത്തചുക്കും കരികപ്രമാണം
ഇവററ ഇട്ടുള്ള കഷായമെട്ടുനാൾ
കുടിക്ക [1] ജ്വൎത്തിക്കിടമില്ല പിന്നെ.

---

[1] ജ്വൎത്തി = പനി.

ആൽമൊട്ടും ചെറുപൂളവേരുമുടനെ ദേവ്യാസ്തഥാമലവും
പാലും വീത്തിയരച്ചുകൊണ്ടെതിരവെ കോരിക്കുടിക്കും നൃണാം.
ഓടിപ്പോമഥ പകജ്വരാൎത്തിയതിലും പിത്തപ്രധാനം ദ്രുതം
ധീമാനാൎത്തിഷു ദോഷജാസുവിഹിതം കുൎയ്യാൽ
[സമാലോച്യതാം.

ദേവി = പൂവ്വാംകുറുന്തില.

അവിൽതോൽ മലർ ചുക്ക വിഷ്ണുദയിതാ മുസ്താ
[കൊടുത്തൂവ്വവേർ
താനും ചാരണയും കരിമ്പുമിവയൊട്ടൊപ്പിച്ചുകൊണ്ടിങ്ങിനെ
നാലൊന്നായ കഷായനീരിലുളവെ മോർകഞ്ഞി മൂന്നാം കുടി-
ച്ചീടുന്നോൎക്കു പനിക്കയില്ല കനമായുണ്ടാകുമഗ്നേൎബ്ബലം.

മുസ്താ = മുത്തങ്ങ. ചാരണ = തവിഴാമ.

ചിററമൃതും കരിവേപ്പും
ചുക്കും മുക്കായുമൊക്കവെകൊണ്ടു്
പീതംകഷായമെതിരെ
പോക്കും പനിയഗ്നിമാന്ദ്യവും തീരും.

വെന്നീരിൽ ചാമ്പൽ ചിതറി പുതച്ചു തദനന്തരം
ക്ഷീരേണ ക്ഷണദാചൂൎണ്ണം പിബേൽ ജ്വരവിനാശനം.

ക്ഷണദാചൂൎണ്ണം = മഞ്ഞൾപ്പൊടി.

ശ്രേഷ്ഠാമൃതാരഗ്വധ പത്രമുസ്താ
ശൌണ്ഡീതഥാ രോഹിണികേതി (ചാഷ്ടൌ* [ഷ്ട]
പ്രോക്താനി തുല്യാനി കഷായഹേതോ-
ൎജ്ജ്വരാൎത്തിപ്രശാന്ത്യൈമുനിഭിൎവ്വിശേഷാൽ.

ശ്രേഷ്ഠ = ത്രിഫല. ആരഗ്വധപത്രം = കൊന്നക്കുരു.
ശൌണ്ഡി = തിപ്പലി. രോഹിണി = കടുകുരോഹിണി.

അത്ഭുതമറിവാൻ കുറയും കൃത്രിമമല്ലൊട്ടുമാസ്ഥയാവേണ്ടു.
പപ്ഫണകൃതനവനീതം ഭ[illegible]ിതമചിരേണ നാശയേൽജ്വരാൎത്തിം.

പപ്ഫണം = പാവിട്ട.

ചുററിച്ചതന്തുനാ കൈമേലപാമാൎഗ്ഗംച ബന്ധയേൽ.

അപാമാൎഗ്ഗം = ചെറുകടലാടി.



ധന്യാകാമൃതനാഗരൈശ്ശൃതമസജ്ജ്വരാൎത്തിം പുരാണാം
[ഹരേ-
ത്തൂൎണ്ണം ചുണ്ടയുടെ ദളസ്യരസവും തൈലേനസാകം
[പിബേൽ.
വൈകുണ്ഠം ഹരിവല്ലി ഭൃംഗിശിവനിൎമ്മാല്യം
[ചതച്ചിട്ടു് വെ-
ന്തീടും കാടിയിൽവെച്ചു് തൽപുകയിടെത്തീരും നരാണാം
[ജ്വരം.

ധന്യാകം = കൊത്തമ്പാലയരി. ചുണ്ടദളം = ചുണ്ടയില.
വൈകുണ്ഠം = തുമ്പ. ഹരിവല്ലി = ഉഴിഞ്ഞ. ഭൃംഗി = കഞ്ഞുണ്ണി.
ശിവനിൎമ്മാല്യം = കൂവ്വളത്തില.

ഗുളത്തിൽവെച്ചിട്ടു മറച്ചമക്കണം
കൊട്ടക്ക മൂന്നാം പനിയുള്ളനാളിൽ
പനിപ്പതില്ലൊട്ടുമവൎക്കു പിന്നെമേൽ
പെരുത്ത ചാതുൎത്ഥികമെന്നുതോന്നും.

ആഹൃത്യസ്വകരേണ വെള്ളിലയുടെ പത്രാണിശുഷ്കാണിതേ-
ഷ്വാളിക്ഷാവധികാക്ഷരാണി ചരതിച്ചാലിഖ്യ ജപ്ത്വാപുന:
മോരും വീത്തിയരച്ചലിച്ചെതിരവെ പേയാഹി ചാതുൎത്ഥികെ
പേയാത്തേനകൃതാ ജ്വരേത്തു വിഹിതം സിദ്ധൈസ്തു
[സിദ്ധൌഷധം.

വശാകഷായെ കടുരോഹചൂൎണ്ണം
ക്ഷൌദ്രാന്വിതം ഹന്തി പുരാണജ്വരാൎത്തിം.
പടോല ശുദ്ധാമൃത സിദ്ധമേവം
ഗുളാന്വിതം ചാപി തഥൈവ സദ്യ:

വശാ = ആടലോടകം. കടുരോഹചൂൎണ്ണം = കടുകുരോഹിണി
പ്പൊടി.

ശ്വേതപത്രസ്യ . . * കഷായത്തിലുദശ്വി (ത്വാ) [ദ്വാ]
പേയാ പേയജ്വരേ തൂൎണ്ണം വിഷമജ്വരനാശിനി.

ശ്വേതപത്രം = വെള്ളില. ഉദശ്വിത്തു = മോരു.

നാകമുക്കട്ടു കുടജതണ്ഡുലം രോഹിണീ സാവേധി:
ക്വത്ഥസ്സമധു വിഹിത: ശ്ലേഷ്മജ്വരാൎത്തേ: കഷായ:.
പാത്ര്യാചുക്കും, കടുകമമൃതും പാതിയായക്കഷായം
ചാലെപഥ്യം മധുഗുളംചാപി പററു ജ്വരാണാം.

മുക്കടു = ത്രികടു. കുടജതണ്ഡുലം = കുടകപ്പാലയരി. രോഹിണി = കടുകുരോഹിണി. രാവു് = വരട്ടുമഞ്ഞൾ.

കൊടിത്തൂവ്വയുടെ വേരും ബലാനാഗരമെന്നിവ
ആമജ്വരവിനാശായ കഷായാർത്ഥമുദാഹൃതം.

ബലാ = കുറുന്തോട്ടി. നാഗരം = ചുക്കു്.

പച്ചച്ചാണക പിണ്ഡമദ്ധ്യഗതമാമപ്പാമ്പു നാല്പാമരം
കത്തുംവണ്ണമുണക്കിയിട്ടതു ദഹിച്ചതദ്ഭസ്മനാ ധൂളയേൽ.
ജുഷ്ടാജ്ജ്വരാർത്തിഹരേണ ദിവ്യമനുനാ ജ്വരാർത്തിപ്രസംഗാദയം
പററാമെയ്യിലിനോദയെ തിമിരവദ്ദിശാവകാശാന്തരെ.

പൂവ്വാംകുറുന്തില മുയൽച്ചെവി വിഷ്ണുപത്നീ
പാലാശവല്ക്കവുമരിം കടലാടി താന്നും
നേരേപൊടിച്ച ഭസിതേന കലന്നുതേച്ചാ-
ലാറും പെരുത്ത വിഷമജ്വരമാറുനാളിൽ

താന്നിതൻ വേരുടെ തോലും കൊന്നപ്പത്രവുമിട്ടുടൻ
നീർ പചിച്ചതിൽ വെച്ചുള്ള പേയാജ്ജ്വരാർത്ത്യാദരാപഹാ.

നല്ലോരു ചാണകമുരുട്ടിയുണക്കിയഗ്നൌ
നന്നായ് ദഹിച്ച തിരുനീറു മെരുക്കുപാലും
ഒന്നായ് കലർന്നുടനലത്തതു കൊണ്ടു നസ്യം-
നന്നസ്തുമേതി പനിയും തലനോവുമന്നേ.
രുദ്രാക്ഷവും മധുകവും പൊടിചെയ്തു നന്നായ്
അത്തേനിൽ നക്കുമവർ മെയ്യിൽ . . . ലപ്പതില്ല.
ഉററൊരു രാപ്പനികം പിപ്പല പല്ലവം കൊ-
ണ്ടപ്പാലിൽ മുക്കുടിയുമാം പയസാംകുരൈശ്ച.

മധുകം = ഏരട്ടിമധുരം. പിപ്പലപല്ലവം = അരയാലിൻ കുരുന്നു്.

ഇത്തിമംക്കടം വില്വഭവം പൊടിച്ചി-
ട്ടക്ഷപ്രമാണം മധുനാ ലിഹേത്തൽ,
നക്തജ്വരാഖ്യം വിഷമം ചഹന്ത്യാൽ
കൃഷ്ണാഭയാ സൈന്ധവ ചൂർണ്ണമിശ്രം.

ഇത്തിമംക്കടം = ഇത്തിക്കണ്ണി. വില്വഭവം = കൂവളത്തിന്മേലുള്ളതു്. കൃഷ്ണ = തിപ്പലി. അഭയ = കടുക്ക. സൈന്ധവം = ഇന്തുപ്പു്.



ധാരോഷ്ണ ക്ഷീരപാനേന ദോഷജ്വരാർത്തിശമം നയേൽ.
നാനാജ്വരാർത്തിഹരംചേതി കേഷാഞ്ചിദപിദൃഷ്ടം മതം.

പൂവ്വാത കുമ്പളത്തിൻെറ നീർകൊണ്ടു പരിലേപയേൽ
ആപാദചൂഡം മൂക്കിന്മേലൊഴി [യെ] സ്സന്നിപാതനൽ.

നിലവേരു മുശീരവും തനിപ്പി-
പ്പലിനീരംബുചനീല ജീരകഞ്ച.
മുളകും നിശയും നിധായ പാകം
തിലജം ഹന്തിച സന്നിപാതജ്വരാർത്തിം.

ചന്ദനം വെണ്ണയുംകൂട്ടി ചാലിച്ചിട്ടു വിഴുങ്ങുക.
അശേഷരക്തപിത്താനാം ശമനെ പരമൌഷധം.
ആടലോടകഷായത്തെ തേനുമായ്പെരുകീടുക.
ശമനം രക്തപിത്താനാ മസാദ്ധ്യാനാമപി ധ്രുവം.

രക്തസ്രാവമസൃഗ്ദരംച രുധിരപ്പിത്തം ക്ഷതം സ്രാവവും
സദ്യോരോധമുപൈതി പുള്ളടിയരച്ചാലേപനാൽ ദേഹിനാം.
പൂത്രഞ്ചാരിയുമങ്ങിനെ സുഖിതരം രക്തോത്ഭവസ്ഥാനതോ
വെച്ചാലും ബത കാട്ടിയാലുമൊഴിയും രക്തപ്രവാഹോദയം.
നെടും പാടൊഴിവാൻ നല്ല പരുത്തിച്ചാറുമെണ്ണയും
ഉടൻകൂട്ടിപ്രലേപനാൽ നേടുംകാലംപെടാ തതഃ.

ബന്ധുജീവസ്യമൂലഞ്ച കുടകപ്പാല വേരപി.
നന്നു പാലിൽ കുടിപ്പിച്ചാൽ നന്നായീളുന്ന പാടിനു്.

ബന്ധുജീവമൂലം = വെളുത്ത ചെമ്പരുത്തിവേരു്.

നെടുംപാടെപ്പോക്കും വരുകമധുനാ മേഘനിനദം
നെറുംപാച്ചോററിത്തോലപിച പയസാ നന്നുഴകുതായ്
അരച്ചീക്ഷൽ കാഞ്ച്യാ സഘൃതമുടനെയജ്ജടയുമാം
മലം പാരാവത്യാഃ പരുകുക തഥാത്യൃതുഭവജലെ.

മേഘനിനദം = പരുത്തിവേരു്. ജടാ = കീഴാർനെല്ലി. അത്യൃതുഭവജലം = ഒരത്തിവെള്ളം.

അവനിപ്പന മുസ്താച പാലുമായരുക്കീടുക
അതിതീവ്രതരം സ്രാവമഹ്നാമാശു ശമിച്ചുപോം

അവനിപ്പന = നിലപ്പന

ഉഴക്കു് മോരിൽ ഉഴക്കു് തെച്ചിപ്പൂവു് പചിച്ചുടൻ.
അസ്ഥിസ്രാവ വിനാശായ പിബേദുക്തപ്രമാണത:
വെള്ളാരൻ പാറയെ ചുട്ടിട്ടു ഉഴക്കുദശ്വിതി
രക്തസ്രാവാസ്ഥി സംസ്രാവ വിനാശായ പ്രദാപയേൽ.

ഉദശ്വിത്തു് = മോരു്.

മീനങ്ങാണിയരച്ചിട്ടു് മോരിൽ മുക്കുടി മൂന്നു നാൾ
പാലിൽ പെരുകിനാൽ ശുക്ലസ്രാവമെന്നതൊഴിഞ്ഞു പോം
പാലിൽഗോമയ ചൂർണ്ണമേഴുദിവസം ഭാവിച്ചു ഭാവിച്ചു ചു-
ട്ടാമോദം വരുമോരുനേരമഴക്കുററാദായ പാത്രേശുഭേ
ശ്രീസൌഭാഗ്യ വിവർദ്ധനം രുചികരം സ്രാവേ സമസ്തേഹിതം
തോയം തേനയുതം ത്രിദോഷജനിതോന്മാദേച നിർവ്വാണദം.

നിലപ്പനയുടെ കന്ദം കുടജസ്യ ശിഫാസമം
കുടിക്കതണ്ഡുലോദേന ശമിച്ചീടുമസൃഗ്ദരം

കുടജശിഫാ = കുടകപ്പാലവേരു്.

ആവണക്കിനുടെതൊണ്ടൊന്നൊത്തുക്കീട്ടുപിഴിഞ്ഞുടൻ
പാതിഎണ്ണയുമായ്പ്പീതം നാശയേൽ കറ യോഷിതാം.
ബന്ധൂക പുഷ്പസ്വരസം പാലുമായ്‌വിരകീട്ടുക.
കൈതപ്പൂവ്വിനുടെ തണ്ടിൻനീരുനന്നതിനിങ്ങിനെ
സഹാമൂലമരച്ചിട്ടു് ഉഴക്കഞ്ഞിത്തു് മൂന്നുനാൾ
പിബേൽ ക്ഷീരെ പെടാപിന്നെ കറ തീണ്ടായിരുന്നനാൾ.

സഹ = പൂവ്വാംകുറുന്തില.

തെങ്ങിൻപൂ കുടലാടിമൂല വിസിനിമൂലം പുനഗൈരികം
വെവ്വേറെ പയസാ കുടിക്കനിയതം നാരീനെടുംപാ . . . ലെ,
തേനൈവാഞ്ജനമുന്ദുരോശ്ച ശകൃതാപേയം തഥാ പേഷിതം
നാകപ്പൂമധുകം പയോദനിനദം യോഗാക്ഷ(ഹ) [ഡ] [തേഹിതാ:

വിസിനി = താമരവളയം. ഗൈരികം = കാവിമണ്ണു്. ഉന്ദുരശകൃത്തു് = എലിക്കാട്ടം. മധുകം = എരട്ടിമധുരം. പയോദനിനദം = പരുത്തിവേരു്.

കരിവിക്കിഴങ്ങമൃതവല്ലി നെല്ലിഭി:
സശൃതം ചയസ്സഹിതവാരി സാദരം
സിതയാകുടിക്ക ലളിതാസതീവധൂ-
രപനേതു മസ്ഥിസ്രണം തഥാസൃജ:



ആർദ്രകം നവനീതേന ദീപ്യസൈന്ധവ നാഗരൈഃ
പെരുനാരകവേർ കാഞ്ജ്യാ പിബേൽ കാസഹരാഇമേ.

ആർദ്രകം = ഇഞ്ചി. നവനീതം = വെണ്ണ. സൈന്ധവം = ഇന്തുപ്പു്. നാഗരം = ചുക്കു്. കാഞ്ജി = കാടി.

വിശ്വാഖ്യ ശക്കരാ ശൌണ്ഡി സൈന്ധവാഖ്യമരീചിഭിഃ
ഫാൽഗുനാദിഷ്വയുഗ്മേഷു ഭേഷുകാസഹരം കടം.

വിശ്വം = ചുക്കു്. ശക്കര = പഞ്ചസാര. ശൌണ്ഡി = തിപ്പലി. സൈന്ധവം = ഇന്തുപ്പു്. മരീചി = മുളകു്.

മഹിത ഇടരിവേർമേൽ തോലുമപ്പൊൻ നിറംകൊ-
ണ്ടലമപിച പൊടിച്ചിട്ടങ്ങു വർത്തിം വിധായ.
പുക ഇട്ടുവിത്തു നാഭൌ നെഞ്ചിലും കണ്ഠദേശേ
ചുമയൊഴിയുമൊലീകൊണ്ടേടങ്ങലും മൂന്നു നാളിൽ

അലം = അരിതാലം.

കടുത്രയം പൊടിച്ചിട്ടു് കടുക്കാപ്പൊടി പാതിയായ്
നനച്ചു തേനിൽ നക്കീടിൽ നശിക്കും കാസമേങ്ങലും
മുററും മുക്കടുവും പൊടിച്ചഴകുതായ് തേനിൽ കുഴച്ചാദരാൽ
അത്താഴത്തിനനന്തരം പരിലിഹേ ദക്ഷപ്രമാണം നര:
മുററീടും ചുമതീരുമേങ്ങലൊഴിയും വദ്ധിക്കുമഗ്നേർബ്ബലം
പററും പീനസവും ഫലത്രയയുതം നിത്യാമൃതാ മേഹിനാം.

മുക്കടു = ത്രികടു.

ഇടപ്പിച്ചകവും മനശ്ശിലയുമായ് ഭൂയോനവാകുന്ദുരും
പാലും വീത്തിയരച്ചലത്തി ഗുളികീകൃത്വാ ചുമക്കും നൃണാം.
ആജ്യേവാ തിലജേഥവാ ഗുളികയാ വായിൽ പൊകച്ചിട്ടുമോർ
കാച്ചാതേ പിബതാംപ്രഗേഗുണന്നിനാന്നാസ്ത്യേവകാസോദയ:

മനശ്ശില = മനയോല. കുന്ദുരു = കുന്തുരുക്കം.

വശാമുണ്ഡീരസേ സിദ്ധം നാഗരേണ വികല്ക്കിതം
കാസശ്വാസ ഹരം തൈലം പായയേൽഹിമന്ത്രിതം.

വശാ = ആടലോടകം. മുണ്ഡി = മുത്തിൾ. നാഗരം = ചുക്കു്.

കടുകും മുളകും ചുക്കും തിലജത്തിൽ വറുത്തുടൻ
അവചൂർണ്ണ്യഗുളേലിഹ്യാൽ ചുമതീരുമയത്നമായ്.
പൊടിച്ചു മുളകും ചുക്കും തേനുമായ് വരുകീടിനാൽ
ചുമപ്പതൊഴിയും മുന്നാളകത്തിതി വിദുർബ്ബുധാ:

നിർഗ്ഗുണ്ഡിതൻ ദളരസത്തിലരച്ചുരുന്ന
മുച്ചാററിലേഴുദിവസം മരിചം വിഭാവ്യ
അക്ഷപ്രമാണമിവ വേരിയിൽ നക്കുവോർക്ക്
ഒട്ടും ചുമാമയവുമേങ്ങലുമൊന്നുമില്ല.

നിർഗ്ഗുണ്ഡി = കരുനൊച്ചി. [വേരി = തേൻ.]

നെല്ലിക്കാപ്പൊടിയും നല്ല നിശാചൂർണ്ണവും തുല്യമായ്
തിന്നാൽ ശർക്കരയാ സാകമുരുക്ഷതമൊഴിഞ്ഞ പോം.

നിശാചൂർണ്ണം = മഞ്ഞപ്പൊടി.

ജാതിലവംഗത്തുടി മുക്കടുവെന്നിതെല്ലാം
ചൂർണ്ണീകരിച്ച് ശലലീഭസിതേന തുല്യം
തേനിൽ കുഴച്ചു ലിഹതാമചിരേണ ഹിക്കാ
ശ്വാസഞ്ച കാസമപിഹന്ത്യചിരേണ ഹിക്കാ ?

ജാതി = ജാതിക്ക. ലവംഗം = എലവംഗത്തൊലി. തുടി = ഏലത്തരി. മുക്കടു = ത്രികടു. ശലലീഭസിതം = എയ്യൻമുള്ള് ചുട്ട ഭസ്മം.

കടുക്കാ മുളകും ചുക്കും കണ്ടശർക്കരയും മലർ
പൊടിച്ചു മധ്വാജ്യേന നക്കിലിക്കിളൊഴിഞ്ഞു പോം.

കണ്ടശർക്കര = കൽക്കണ്ടം.

പീലിച്ചാമ്പലുമിള്ളുള്ളക്കരിയുമാക്കാർപ്പാസവും മുഞ്ഞയും
നീരും വീത്തിയരച്ചു നാഭവഴിയെ മാറത്തു പൂചീടിനാൽ
പീലിത്തണ്ടകിൽ ഗുഗ്ഗുലുശ്ച മഹിഷീശൃംഗം കുളമ്പുംപശോഃ
കീഴിൽ ചൊന്ന മരുന്നുമായ് പൊകയിടെപ്പോമിക്കിളെന്നുംവിട്ടു:

കാർപ്പാസം = പരുത്തി. മഹിഷീശൃംഗം = പോത്തിൻകൊമ്പ്.

വിശ്വേക്ഷുലാജ പരികൢപ്ത കഷായമററം
ഹിക്കാപഹം ശലലകണ്ടക ഭസ്മമേതൽ
കൂട്ടിക്കുഴച്ചൊരു വിഭീത ഫലപ്രമാണം
ഇക്കിളം പരമ്പരയെടുപ്പതൊഴിക്കുമന്നെ.

വിശ്വാ = ചുക്ക്. ഇക്ഷു = കരിമ്പ്. ലാജം = മലർ ശലലകണ്ടഭസ്മം = എയ്യൻമുള്ള് ചുട്ട ഭസ്മം. വിഭീതഫലം = താന്നിക്ക (പ്രമാണം).

മുലപ്പാലിലരച്ചിട്ട് ചന്ദനം നാസയോഃ ക്ഷിപേൽ
ഇളയ്ക്കുമിക്കിളം മലരെ പൊടിച്ച് സഗുളം ലിഹേൽ.



മലർ മധുകമിരണ്ടും തുല്യമായ് ചൂർണ്ണയിത്വാ
മുറിവെട വടവേരിൽ പൊന്നുരുന്നുള്ള നീരിൽ.
പരുകുക മധുയുക്തം ഛർദ്ദിഹിക്കാതുരാണാം
അമൃതമിതി ഭിഷഗ്ഭിർഭേഷജം പ്രോക്തമേതൽ.

മധുകം = എരട്ടിമധുരം. വടവേര് = പേരാലിൻെറ വേർ.

നെടിയൊന്തൊരു. . . . . നീരും മധുവും തുല്യമായതിൽ
നവജീരക ചൂർണ്ണേന പിത്തഭേദങ്ങളൊഴിഞ്ഞു പോം.
കറുത്ത കുക്കുടാണ്ഡസ്യ പകലവൽപയഃ
തുളിച്ചു വഴികിൽ തീരു മുറതേർ അളിലയതമായ്
ഭൃംഗീപടോല വൃക്ഷശുദ്ധ നിദിശ്വികാനാം
പത്രോദകെ വിപചിതം തിലജം നരാണാം.
നക്കീടിലേങ്ങലൊഴിയും കുരയും വിശേഷാൽ
ഛർദ്ദിം വിനായ പുനരാകില തേറെനന്ന്.
കണാദീപ്യക പത്ഥ്യാഖ്യ പടുനാം ചൂർണ്ണമാദരാൽ
തരുണോഷ്ണാംബുനാപീതം ക്ഷതകാസായനാശനം.

കണ = തിപ്പലി. ദീപ്യകം = അയമോദകം. പത്ഥ്യ = കടുക്ക. പടു = ഇന്തുപ്പ്.

പൊന്നാവീരന്തുളസിയരുകാൽ വെണ്ണയും വില്വമേഷാം
കൊമ്പംവൃ പത്രസ്വരസമുഴകിൽ തൈലതോ നാമ്പടങ്ങായ്
പിന്നെക്കല്ക്കം ത്രികടുനിശയുംകൊണ്ടു പചന്തോരുതൈലം
മൂന്നാം തേക്കുന്നവർകളിലെഴാ താൻ പ്രതിശ്യായമെന്നും.

(പൊന്നാരന്തര) ?, അറുകാൽ = കഞ്ഞുണ്ണി. നിശ = വരട്ടുമഞ്ഞൾ.

വായെക്കട്ടി വെച്ചിഹ തികന്നു വരുന്ന നീർമേൽ
വാട്ടിപ്പിഴിഞ്ഞ വൃക്ഷപത്ര രസത്തിൽവേരു
കൂട്ടിക്കുടിപ്പതു കടുത്രയചൂർണ്ണമിശ്രം
ആർക്കും ക്ഷയം ഝടിതി പോയെക്കടു മേഴനാളിൽ.

വൃക്ഷപത്രം = ആടലോടകത്തില. കടുത്രയം = ത്രികടു

വറുത്ത നെല്ലിതൻപത്രം ബന്ധുജീവസ്യ പത്രവും
പൊടിച്ച് തേനിൽ നക്കീടിൽ തുറക്കും നാദമുച്ച കൈ:

ബന്ധുജീവം = ചെമ്പരുത്തി.

മുക്കാതിപ്പലിയും വചാചനിശയും ബ്രഹ്മീരസെ കല്ക്കമായ്
ക്തചാനെയ്യൊരു മണ്ഡലം ദിനമുഖെ ലിഹ്യാൽ സിതാ [സംയുതം
ഉച്ചൈരൊച്ച തുറന്നുകൊടുക്കയും മകന്നുടക്കാമ്പിലിമ്പംകല
ന്ദക്താശക്തദുരുക്ത ദോഷരഹിതാ ഗീതിഃ വിശുദ്ധാഭവേൽ.

മുക്ക = ത്രിഫല.

മലർ തിപ്പലി പച്ചയഞ്ജനക്കൽ
പൊടിചേതന്മധുനാ ഗുളേനസാകം.
വിലിഹേദചമന പ്രശാന്തയെ ന-
ന്നിതു ചാലെ പരമൌഷധേഷുമുഖ്യം.

പൊടിച്ചു വരടാഗേഹം കലക്കി മധുബിന്ദുനാ
കുടിക്കിലൊഴിയും സദ്യോ വമിക്കമതുദേഹിനാം

വരടാഗേഹം = വേട്ടാളൻകൂട്.

തിലവേർ തുണിയിൽ തിരിച്ചു കെട്ടു
വരടാഗേഹ മരച്ചു മങ്ങിനേ താൻ.
ഇതുവേ പുനരീഴരാകുടത്തിൻ
തൊലിമേത്തേച്ചുമപാകരോതി ഛർദ്ദിം

വിഴാലരി കുടിപ്പിക്ക പാലിലോക്കാന ശാന്തയെ
തഥാച പയസാ തുല്യമെന്നാൽ നന്നാമതിന്നതും.

നല്ലമഞ്ഞളി രാമച്ച മിരിച്ചിന്മേൽ പുതച്ചുടൻ
എണ്ണ വിത്തിക്കൊള്ളത്തിട്ടുളെളണ്ണ തേ[യ്ക്കോ]ക്കാനശാന്തയെ.
ആടലോടകഷായത്തെ ത്തേനുമായ്പ്പരുകീടുക.
ചോരതെക്കി വമിച്ചുണ്ടാമാമണം പ്രശമംനയേൽ
പാലുവിത്തിയരച്ചിട്ടു തവിഴാമയുടെ ശിഖാം.

കണാന്നാഭ്യന്ത മാലേപാ ച്ചോരഛർദ്ദി നിവാരണം
പുളിവേർ തന്നുടെ കല്ക്കം പാലുമായ്വ്വിരകിടുക.
ഇ(വ)[ള]യ്ക്കും ചോരവമനം ലേപനാൽ ഭൃംഗസംഭവം

ഭൃംഗം = കഞ്ഞുണ്ണി.



റാഴിപ്പാൽ തവിഴാമവേരൊരുപലം നാനാഴി നീരുംതഥാ
കാണംചുക്കു പചിച്ചു കൊണ്ടുഴകുതായ് ക്ഷീരാവശിഷ്ടംപി [ബേൽ.
ഓടിപ്പോമഥ ചോരതെക്കിയുളവാമോ [ക്കാ] ന ജാലം ക്ഷണാ-
ന്മാത്താണ്ഡൻ കതിരാൽ മുഴുത്തൊരിരുട്ടുജാലംപോൽ മഹീ [മണ്ഡലാൽ.

കുവ്വളത്തില പൊടിച്ചു പച്ചയായ്
നാഗരോഷ്ണ സദീഹൃകം പ്രഗെ
ഊഷദ്രുഷ്ണ മഥ മോരിലഞ്ജസാ
പീതമേത ദശോഹരം പരം.

ഇലക്കളളിയുടെ വേർമേൽതൊലിയെപ്പൊടിചെയ്തുടൻ.
കുഴച്ചു തേനിൽ നക്കീടിൽ വിശിഷ്ടം തച്ശസാം പരം.

കൊട്ടുവേലി പറിച്ചരച്ചു നന്നായ്
ഇരുപത്തൊന്നു തുടെ പ്രഭാവ്യ ധാത്ര്യാഃ
ഫലകെ -ധ നാച സപ്പികാ ത-
ദപിലിവേന്മുലരുജന്നിഹന്തി തീവ്രാം.
ചെറുചേന പറിച്ചരച്ചു നന്നാ-
യ്തുണിയിൽ തേച്ചു വിശോദ്ധ്യ ശക്കരാക്തം
തിരിചെയ്തു ഗുദേ നിവേശിതാനാം
അരിശോ ഭീതി കിനാവിലും നജാതു.

മുമ്മൃന്നേററിട്ടുനാഴുവട്ടം മുളകും കുന്നിബീജവും
അരച്ചന്തവ്വിലേപേന നശിക്കു മരിശോരുജം.
ആലിൻതോലയമോദകം വനകണാ ചാവ്യാചതീയ്യം തഥാ
വ്യോഷം ചേതി പൊടിച്ചരച്ചു വടവും നേർപാതിയായ്ക്കൊണ്ടുടൻ
പ്രാതമ്മുക്കുടിയായ്ക്കുടിക്ക പശുവിൻ മോരിൽ കലക്കിശ്ശനൈഃ
പ്രായസ്സം പരിശോഷ മേതി സഹസാ ദുർന്നാമഗവ്വീകൃത

വനകണ = കാട്ടുതിപ്പലി. ചവ്യാ = കാട്ടുമുളക്. തിയ്യ് = കൊട്ടവേലി. വ്യോഷം = ചുക്ക്, മുളക്, തിപ്പലി.

കടുക്കാ കായമിന്തുപ്പു കണയെന്നിവ (പി) [പ] ച്ചയായ്
പൊടിച്ചു കോഷ്ണപയസാ ബിബേട്ടുന്ന [ാ] മശാന്തയെ
എരിക്കിൻവേർ തേവതാരം വെളളടമ്പിവ തുല്യമായ്
കുടിപ്പിവ ഗവാം മൂത്രെ നശിക്കുമരിശോന്നതിഃ

കാട്ടുച്ചേനയുമക്കുറുത്ത കളളി കന്ദഞ്ച നല്ലത്തിവേർ
ത്തുണ്ണം വെട്ടിയുരത്തി നോരു പയസാ പറെറപ്പചിച്ചങ്ങിനെ
ച്ചൂണ്ണിച്ചു പടുനാച ശക്കരയുമായ് മുവ്വഞ്ചു നാൾ തിന്നിടെ
പോം ദുർന്നാമ മുരത്ത ഭ്രൽകൃതിരവാ ത [ാ]നഞ്ചു രു (ഞ്ച)
[ങ്ങു] ന്നുലോം.

നല്ലോരു കളളിയില വാട്ടി യുടനുരുങ്ങ-
തന്നെ പിഴിഞ്ഞ് ഗുദരന്ധ്ര മുഖെ വിധായ
എങ്ങുംപ്രകാരമൊരു കച്ചയുടുത്തു രാത്രൌ
മെല്ലെക്കിടക്കിലര ശോഭയമേതുമില്ല.
മൂലം മുടിപ്പാനൊരു വേരു രണ്ടും
മോരിൽ തികത്തിപ്പിബതാം നരാണാം
മൂലാമയംകൊണ്ടു വരും വികാരം
മുവ്വഞ്ചു നാളിൽ പ്രശമം പ്രയാതി.
കാരെളളരുഷ്കരവുമാമലകം കടുക്കാ
നേരേ പൊടിച്ചു സമമാക്കിയുടൻ കലന്നു്
നീരററ ശക്കരയിൽ നിത്യനിഷേവ കാണാം
വേരററുപോം ഝടുതി മൂലരുജാ നരാണാം.

അരുഷ്കരം = ചേക്കരു.

തുമ്പപ്പത്രം ഞെരടിയുവനാഹിക്ക ദുർന്നാമമെന്നാൽ
മങ്ങിപ്പോമങ്ങുടനടനകത്തമ്മിയുററുണ്ടപിണ്ടാൽ
കാഞ്ഞിൽ പിഷ്ടാ പൊതിവുതളുവുന്നന്തിതെന്നേററമെന്നു
ലൂന്തും നീക്കം കുറയു മുഴറാതെ ചികിത്സിക്ക പിന്നെ.
കുടജം തിന്ത്രണീമൂലം കരഞ്ജത്തൊലി മേഘവും
തൈരിലേ പുടപാകിച്ചു് തേനുമായ്വരുകീടുക
അതിസാരവുമന്നോവും ചളിയും പോമയത്നമായ്.

കുടജ = കുടകപ്പാല. തിന്ത്രീണിമൂലം = പുളിവേരിന്മേൽ തൊലി. കരഞ്ജം = ഉങ്ങിൻ തൊലി. മേഘം = മുത്തങ്ങ.

നല്ലോരു മുവ്വില പഴുത്തിയുടെ കഷായെ
നന്നാഗരം മഹിത് ചെങ്കടലാടി ദീപ്യം
എല്ലാമരച്ചുടനുദശ്വിതിവെന്തു് പേയി
മൂന്നാംകുടിക്കിലതി സാരഗദം നജാതു.

നാഗരം = ചുക്കു്. ചെങ്കടലാടി = ചെറുകടലാടി. ദീപ്യം = അയമോദകം. ഉദശ്വിത്തു് = മോരു്.



ശാർങ്ങേരി നീരുമഥ മോരുമളന്നുകൂട്ടി
ചേർന്നീടുമാറു മലരിട്ടു് ചമച്ച കഞ്ഞി
മങ്ങായ്ക്കുടിക്കിലതിസാരഗദങ്ങൾ തീരും
പൊങ്ങീടു മഗ്നിയു മിരപ്പുമടങ്ങുമന്നെ.

കൊഴിഞ്ഞിൽ വേരരച്ചിട്ടു് ഗോക്ഷീരെ വരുകീടിനാൽ
തിരഞ്ഞ ചളിയും നോവും വരുന്നാളെയൊഴിഞ്ഞുപോം.

ലക്ഷ്മീദളാനാമൊരു മുഷ്ടിമാത്രം
നിഷ്പാത്യ നീരസ്യ പലൈസ തൈലം
തൽഭോജനാദാവുപജീവിതാനാം
സദ്യഃ ശമം യാതി ചളിപ്രകോപം.

ലക്ഷ്മീദളം = തിരുതാളിയില.

പപ്ഫണ പത്രസ്വരസെ
തക്രേണ പുളിച്ച കഞ്ഞി വീക്കഹരം
പപ്ഫണ പത്രസ്വരസെ
സിദ്ധം തിലജം പിബേച്ചളിം ശമയേൽ.

പപ്ഫണപത്രം = പാവിട്ടയില.

ഉങ്ങിൻവേർ പുളിവേർ ഘനം കുടജവും നീരററ തേങ്ങായുമെ
ന്നഞ്ചും കുത്തിയെ(ാ)ളക്കി നല്ലതയിരും വിത്തി കലർന്നങ്ങിനെ
ഒന്നാകെപ്പുടദഗ്ദ്ധമായിവ പിഴിഞ്ഞുണ്ടാം രസം തേനുമായ്
നന്നാകപ്പിബതാമതീസരണവും നോവും വിനാശം വ്രജേൽ.
ഘനം = മുത്തങ്ങ. കുടജം = കുടകപ്പാല. നീരററതേങ്ങ = വരട്ടു
തേങ്ങ.

കടക്കിടക്കെ വെണ്ണീറെറ കലക്കിന ജലം പിബേൽ
അപക്വസരണം മുന്നാളകത്തു പശമം നയേൽ.

ചുക്കു് ചുണ്ട മുകിലിന്ദ്രയവാഖ്യാ
നാലുമങ്ങതിവിഷാ ച സമാംശം
ഹന്തിജൂത്തി പെരുകീടിന പാടെ
വെച്ചിവെണ്ണമട്ടുവോരു കഷായം.

മുകിൽ = മുത്തങ്ങ. ഇന്ദ്രയവം = കുടകപ്പാലയരി

കാടിവീത്തിയരച്ചിട്ടു് കന്നിക്കുരുവു് നാഭിയിൽ
പൂചിലാഞ്ഞേറുവിൽ കാലെ പാടൊഴിക്കും നിബന്ധനാൽ

തേങ്ങാപ്പാലൊരുപല മപ്പലത്തിലെട്ടൊ-
ന്നായൊരാംശം പൂലികുചപയോ ഹരിതക്കീഭേ
ചൂർണ്ണിച്ചിട്ടഥ ഗുളബിന്ദുനാ കുടിച്ചാൽ
താങ്ങീടും പെരുകിന പിത്തശ മാണ്ടുമന്നേ.

കടലാടിയുഗം പറിച്ചു ദോർഭ്യാ-
മതിൽ വാമേന പറിച്ചതും കളഞ്ഞു്
ഇതര സ്വരസത്തിലെണ്ണ വീത്തി
പ്പുരുകപ്പോം ഗ്രഹണീ വികാരമെല്ലാം.

ചെറു വഴുതിന തൻകാ വൻകൊടിത്തൂവ്വ വേരും
ചതഹയ വളർവിലാപം പാത്രവും നല്ല മോരിൽ
ഉടനുടനഥ വിഷ്ടാ തേച്ചലത്തും കലത്തിൽ
പഴകിവരു മൂഢഗാവിൽ പാനമുക്തം ഗ്രവാണ്യാം.
ഗ്രഹണീ ഗദനാശായ കതകം വരുകീട്ടുക
ശുഭതോയേന മുന്നാളിലൊഴിയും പഴതാകിലും

കതകം = തേററാമ്പരലു്.

കാട്ടുതിപ്പലി ഇന്തുപ്പു് ചുക്കു ദിപ്യകവും തഥാ
മൂത്തമോരിൽ കുടിപ്പോക്കു പോയിടും ഗ്രഹണീ ഗദം
ശതാവരിയുടെ നീരും പാലും മാഗധി ചൂർണ്ണവും
ഗുളേന സഹിതം പീതം പ്രേഗൈ മൂത്ര വിഘാതനൽ

മാഗധിച്ചൂർണ്ണം = തിപ്പലിപ്പൊടി.

പെരും ചുണ്ടയുടെ വേരും ബലാച കടലാടി വേർ
പിബേൽ ഗോപയസാ തീരും ഗദം മൂത്ര വിദാഹജം.

ചെറുപയറു് പരുപ്പു് ചേന നന്നായു്
പഴയരിയിട്ടു് കൊടുത്ത നെല്ലി കൂട്ടി
വിപചിതമുദ്ഗപേയ മൂത്ര ദാഹം
വരുകിനവക്കുമതെന്ന ശാന്തി സന്തഃ



നാല്പാമര [ത്] സപാചിത ശുദ്ധ തൈലം
തേച്ചിട്ടു് നേത്തുണി നാഭിയിലിട്ടു് കാഞ്ഞ്യാ
നേപ്പിച്ചിലിപ്പിഴക തിപ്പലി മൂത്ത മേഘം
തേക്കിൽപെടും ഝടുതി മൂത്രമടപ്പു തീരും.

കാഞ്ഞി = കാടി.

കല്ലൂർ വഞ്ചിയുമേലവും ഷഗധജം യഷ്ടീകൊടുത്തൂവ്വയും
തമ്മിൽ തുല്യതയാ നെറുത്ത ചരതിച്ചുണ്ടാം കഷായെ പുനഃ
തന്നന്തേനുമതിൽ തുളിച്ചു് വക്കുകപ്പോം മൂത്രകൃഛ്രാത്തിയും
പൊങ്ങും മൂത്ര വിദാഹവും രുജയുമെന്നാഹ ശ്രുകിത്സാവിദഃ

കടലാടിയുടെ ഭസ്മം നവനീതേന സംയുതം
അയ്യഞ്ചു കാണം കൊണ്ടിട്ടു് സാതുങ്ങു്മൂത്രമൊഴിച്ച
[കൊടാം.

താന്നിക്കാത്തൊലി മുപ്പലം കടുകു മന്നല്ലെണ്ണയും നാല്പലം
തച്ചാസ്മദൈയിലത്തു വെച്ചടനരച്ചുണ്ടാം കുഴമ്പാദരാൽ
തേപ്പു നാഭിയിൽ മൂത്രമിററിഹ സദാ വീഴും ജനനാംശനൈഃ
ആശ്ചര്യം വരുമാറിളപ്പതിതിനോടൊപ്പൊന്നു നാസ്ത്യൌ
[ഷധം.

ഞെരിഞ്ഞില പൊടിച്ചിട്ടു് നവനീതേന ലേഹയേൽ.
മൂത്രകൃഛ്ര വിനാശായ കൈകൊണ്ടൊന്നു ഭക്ഷഗ്മതം
ചെറുപുള്ളടിയും നല്ല നെല്ലിക്കാ ചെറുപൂളയും
കൂട്ടി മോരിൽ ചമച്ചുണ്ടാം ഖളം മൂത്രരുജാപഹം.

ഖളം = മുക്കുടി.

പരുത്തിവേരരച്ചിട്ടു കാടിയിൽ വരുകീട്ടുകിൽ
അടച്ചകല്ലും മൂത്രഞ്ച തുടക്കന്നിങ്ങു വീണുപോം.
എലിപ്പിഴക്കയുംനാഭൌ വെളുളരിക്കുടരും തഥാ
അരച്ചുതേക്കിലിരുനീരടക്കുന്ന തിളച്ചപോം.
ശംഖപുഷ്പിയരച്ചിട്ടു് പച്ചമോരിൽ കുടിപ്പിതു
അടച്ച മൂത്തിരം വീഴ്വാൻ കാടികൊണ്ടുമൊഴുക്കുക.

നെല്ലിപ്പത്തലിൽ നല്ല ചാണകജലം വീഴ്ത്ത ശതപ്രസ്ഥകം
തന്നിൽ പാദമുലാമുരുക്കിഹ ദഹിപ്പിച്ചിട്ടു പാദാവധി.
തന്നിൽ തേന്മധ്വാജ്യവും പുനരുടൻ വീത്തിക്കുഴച്ചങ്ങിനെ
നിന്നെപ്പോം വെരുനീർ വരത്തിയധികം സിദ്ധേശപരൈ
[ർഗ്ഗോപിതം.

മല ഇഞ്ചി കഷായത്തിലതുവെ കല്ക്കമായുടൻ
തിലജം വെന്തുതേച്ചാലുളളഴകാണ പ്രമേഹിണാ.

പൂവ്വാംകുറുന്തി ലയുമക്കടലാടിതാന്ത-
ന്താർതാവചേലത്തിരി എന്നിതെല്ലാം
നെരേ പൊടിച്ചിട്ടതുക്ഷോദകേന
വീതം പ്രമേഹാഖ്യഗതം നിഹന്ത്യാൽ

തുക്ഷോദകം = കാടി.

ത്രിഫലാ വീരകത്തിൻവേർ നിശാദ്വയ [വൃ] മെന്നിവ
സമമായ്കൊണ്ടു വെന്തുളള കഷായം മേഹനാശനം.

നിശാദ്വയം = വരട്ടുമഞ്ഞളും, മരമഞ്ഞളും.

അരേണുകമെരുക്കിൻവേരേലവും വെളളരിക്കുരു
യഷ്ടിമധുകമെന്നേഭി: ശൃതംമേഹവിനാശനം.

യഷ്ടിമധുകം = എരട്ടിമധുരം.

അരച്ചിഹ കരിമ്പിൻവേർ വീത്തിയക്കരിവാഴവേർ
അരികഴുകിയ നീർ വീത്തിക്കുടിച്ചാൽ മേഹനാശനം
കാളിനീരിലരച്ചിട്ടു പാട മൂന്നാംമിഴുങ്ങുക
മേഹശാന്തികരം പാലിൽ ചെമ്പകക്കുസുമം തഥാ.
നല്ലോരു തിന്തിണിയുടെ ഫലവല്ക്കചൂർണ്ണം
നന്നായ്പൊടിച്ചു നവരത്തവിട്ടും തഥൈവ-
മന്നായലന്ന് സിതയാസഹ തിൻകവല്ലോ-
ക്കുണ്ടാകയില്ലരിയമേഹഗദാർത്തിപിന്നെ.

തിന്ത്രിണീഫലവല്ക്കചൂർണ്ണം = പുളിങ്കുരുത്തൊലിപൊടിച്ചതു്.

തുമ്പപ്പൂവും ചെറിയപയറുംകൂട്ടിവെന്തുളളപേയം
നന്നെന്നാഹു: പെരിയ ഭിഷജോ രക്ഷമേഹോപശാന്ത്യൈ
കാലേയോശീരകുഷ്ഠാന്യപി ഥപുനരുടൻ മുഞ്ഞയും നന്നുപാലിൽ
പാതുംതത്തൽപ്രശമനവിധൌ, രക്തപിത്തെയുക്തം.

കാലേയം = കുങ്കുമം. ഉശീരം = രാമച്ചം. കുഷ്ഠം = കൊട്ടം



കാപ്പാസബീജം കരിവേപ്പുതോലും
നിശാദ്വയഞ്ച ത്രിഫലാസമേതം.
ഇതിന്നിരട്ടിക്കടലാഞ്ചികൊണ്ടു്
കഷായപാനാലൊഴിയും പ്രമേഹം.

കപ്പാസബീജം = പരുത്തിക്കുരു. നിശാദ്വയം = മഞ്ഞൾ, മരമഞ്ഞൾ.

നല്ലകാന്തളുടെ കായെളളുപ്പും തന്തയുമെന്നിവ
ഇ . . . . നവനീതാഭ്യാ മത്രതോച്ചൊഴിയും കുരു
കുരുവിന്മേൽ തുളിച്ചെണ്ണ തടവിക്കൊണ്ടുമന്നമെ
ചുഴലപ്പന്തച്ചൂർണ്ണേന വിതരക്കുരുവില്ലയാം.

തുളസിയിലമുരുക്കുന്തോലുടെ നീർനിലത്തിൻ
പൊടിയുമപിച ചൂർണ്ണം കൂട്ടിനല്ലോരു തൈലം
പുനരതിലിഹവീത്തിച്ചേർത്തു ചാലിച്ചുതേച്ചാൽ
കുരുവൊഴിയുമടക്കം കെട്ടാനായിമ്മപോലെ.

ആവണക്കിലനീർവീത്തി ദേവതാരമരച്ചിട്ട-
ട്ടടയായ് ചെങ്ങിയുണ്ടാകും കുരുവെല്ലാമൊഴിഞ്ഞുപോം.

വ്യോഷം ത്രിജാലകഫലത്രയശിഗ്രുജാത
കാപ്പാസവും മെഴുകുമത്തുളസീദളാനി,
നേരേ പൊടിച്ചു കിഴിയായ് തിലജേന കാച്ചിൽ
വേരററുപോം കുരു മഹത്തരമായതന്നെ.

വ്യോഷം = ചുക്കു്, മുളകു്, തിപ്പലി. ത്രിജാതകം = ഏലത്തരി, എലവംഗത്തൊലി, പച്ചില. ഫലത്രയം = ത്രിഫല. ശിഗ്രു = മുരിങ്ങ. കാപ്പാസം = പരുത്തി.

ത്രികടുകമജമോജം മഞ്ഞളും മുപ്പലംനെ-
ല്ലഴകൊടുപൊടിയാക്കിപ്പൊട്ടളീകൃത്യതേന
തിലജഘൃതസമേതം കാ (ഞ്ചി) [ച്ചി] നാലഞ്ചുനാളിൽ
പരിചിനൊടുശമിക്കും വീർത്തമാംസാങ്കുരാണി.

അമാമനെച്ചട്ടിഹ പച്ചമോരും
പൈമഞ്ഞളും കൂട്ടിയരച്ചുതേച്ചാൽ
മൂന്നാളകത്തെ മുരടററുപോംപൊ-
ലെല്ലാക്കുമുണ്ടാകുമൊടച്ചിലന്തി

വണ്ടിടിച്ചുപ്പു നീർ വീത്തിക്കെനിററിക്കൊണ്ടുകെട്ടിനാൻ
ഒടിക്കുരുവുടെ നോവും വീക്കവും പോമയത്നമായ്

വണ്ട = കഞ്ഞണ്ണി.

മൂത്തോരു പെരുനാരങ്ങ മണ്ണ്പൊതിഞ്ഞിട്ടു ചുട്ടടൻ
നിശയും തക്രവുംകൂട്ടി തേക്കിൽ കുരുവിളച്ചപോം.
വാരിപത്രക്കരം പുത്രാഞ്ചാരി പുളളടിയുംനിശാ
നേരരച്ചിട്ടുമോർ വീത്തി പൂചിനാലില്ലയാംകുരു

ചെറുപരുവത്തോൽ മോരും
മഞ്ഞളുമായിട്ടരച്ചു പൂചിടിൽ
കുരുവൊഴിയും കുരുവഴിയെ
തേച്ചാൽ മൂന്നാളകത്തറ്റംനോവും
വലിയപയന്തോൽ മോരും
മഞ്ഞളുമായിട്ടരച്ചു പൂചിടിൽ
പ്രശമംപ്രയാതി കുരുവിൽ
വീക്കം നോവും ചുകപ്പുമചിരേണ
അട്ടയിട്ടകുരുവിന്നു വീക്കവും
നോവു മേറുകിലൊഴിഞ്ഞു പോകുവാൻ
പച്ചമേതിലിഹ സജ്ജവല്കലം
നല്ലമഞ്ഞളമരച്ചുപൂക . . .
ഒക്കപ്പെരുത്ത കടലാടിയിലാ പരുത്തി
പ്പത്രഞ്ച ചുട്ടഭസിതം ദശമൂലപാച്യെ
ഉപ്പുംകലക്കിയതിലിട്ടതു കൂട്ടിയുണ്ടാൽ
പിത്തോത്ഥഗുന്മമൊഴിയും മഹതീചശൂലാ.
തൃക്കിട്ടകായമയമോദകവും കണൈലാ
കാട്ടിൽ കണാചമിളകും കൊടുവേലിവിശാ
നേരെപൊടിച്ചു ദശമൂലശൃതെ കഷായെ
കൂട്ടിക്കുടിക്കിലപയാതി ഹിഗുന്മശൂലാ
മുളകും ഗുളവും കോഷ്ണവാരിണാ വരുകിട്ടുക.
ഗുന്മശൂലവിനാശായ പായയേദതിശോഭനം

വയമ്പുകായം പടുചുക്കതാന്നിതൻ
ഫലം കടുക്കാ പുനരാവണക്കും
കരിമ്പുമങ്കോലവുമെന്നിവററെ
പ്പൊടിച്ചുതൈലെലിഹതാം നഗുന്മം

പടു = ഇന്തുപ്പ്.



ശൌണ്ഡീസൈന്ധവ പിപ്പലീ ത്രിതയവും മുമ്മൂന്നു കാണം [തഥാ
പത്ഥ്യാ മുപ്പതിലഞ്ചൊഴിഞ്ഞിവ പൊടിച്ചുഷ്ണാംബുനാ [പായയേൽ
പോകുംകേവലമാശുഗുന്മമറവെ ഹൃല്ലാസവും ശൂലയും
ചീർത്തീടും തിമിരൌഘമംബരഗതം മാർത്താണ്ഡബിംബം [യഥാ

ശൌണ്ഡി = തിപ്പലി.

ചെങ്ങിട്ടും പുടയാവ ചുണ്ട പുണർതൻ കായെന്നമീദിശംശൃതം
കൊണ്ടഭസ്മിൽ ദിനകൃൽപലം പുളിയുമിട്ടാലോഢ്യവക്തചാപുന:
വ്യോഷം ജീരകയുഗ്മമുളളി നിശയും കായം പലം നാല്പലം
കാണിന്തുപ്പുപുളിങ്കുഴമ്പിതരിദശ്ശൂലഗുന്മാപഹം.

ദിനകൃൽ = എരിക്ക്. വ്യോഷം = ചുക്ക്, മുളക്, തിപ്പലി.
ജീരകയുഗ്മം = ജീരകം, കരിഞ്ചീരകം.

വരാനിലീദാർവ്വീജലദമപിപീരക്കടയുമെ-
ന്നിവാറുന്നോരൊക്കപ്പരിചിനൊടു വെന്താറിനജലം
നിശാചൂർണ്ണം മേലിട്ടപിചമധുനാപീതമചിരാൽ
ജനനാം ഗുന്മഘ്നം വിദുരിതി കഷായൌഷധമിദം.

വര: = ത്രിഫല. നീലി = അമരി. ദാർവ്വി = മഞ്ഞൾ.
ജലദം = മുത്തങ്ങ. പീരക്കട = പീരവേര്. നിശാചൂർണ്ണം = മഞ്ഞൾപൊടി.

തേങ്ങാപ്പാൽ പശുവിൻപാലും കുറുക്കിത്തുല്യമായിപ്പേൽ
വാങ്ങിപ്പോ മുന്നിയി ചൂലന്താങ്ങിക്കൊളളാവിത്തൽ.

നിദിശ്ധികാ ചുക്കമൃതാവണക്കും
കുലത്ഥമെന്നഞ്ചു മരച്ചുകൂട്ടി
പചിച്ചപാലിൽ വരുകും ജനാനാ-
മിളച്ചപോം ശൂല എടുത്തവണ്ണം.

നിദിശ്ധിക : = ചെറുവഴുതിന. കുലത്ഥം = മുതിര.

കടലാടിയുടെ വേരുമാടത്രുഷക മൂവ്വില
ചുക്കം പാലിലരച്ചിട്ട് പിബേച്ഛൂലം വ്യപോഹതി.

ആടത്രുഷം = ആടലോടകം.

കൊട്ടതിലമപിവേറെ നല്ല ഗോമൂത്രമാദി
പ്പുഴകിയതിലുണക്കിപ്പിന്നെ മുഴ്വേഴുവട്ടം

പരിചൊട്ടപൊടിയാക്കിത്തേനുമായ്ത്തിന്നാദൌ
മറിയല്പമഥനോവും മണ്ഡലാന്നാമേതി.
താർതാവൽ വേരരച്ചിട്ടു പിബതാം തരുണോദകെ
ശൂലനോവൊഴിയും സദ്യോ ദാഹവും മൂത്രകൃഛ്റവും.
വട്ടംകൊണ്ടു വളന്നെഴുന്ന പെരുകിൽ പത്രം തഥാപപ്ഫണ
പ്പത്രംനൊച്ചിയുടെ കുരുന്നു ലവണം കൂട്ടിക്കലന്നാദരാൽ.
ഒക്കെക്കൊണ്ടു വറുത്തുകൊണ്ടഥ പൊടിച്ചാമേതരെ തക്രകെ
വെച്ചന്നപ്പെരുകീടിനെന്നുടനരുണ്ടേറുന്ന ശൂലാവഹം.

പപ്ഫണം = പാവിട്ട.

കടുക്കാ കായ മിന്തുപ്പു കണയെന്നിവ പച്ചയായ്
പൊടിച്ചു സപ്പിഷാനക്കിൽ ശൂലനോവൊഴിയുംപ്രഗെ.

കണ = തിപ്പലി.

തുമ്പപ്പത്രരസംപാതി പാതി എണ്ണയുമായ്പിബേൽ
ഇന്തുപ്പിൻപൊടിയും കൂട്ടിമണ്ടിപ്പോം ശൂലയെന്നത്
മുന്നാഴി നീരൊരുപലം പിലാശിൻ വേരുമിട്ടുടൻ
പചിച്ചുഴക്കായ്ക്കൊണ്ട് നാളികേരപയോയുതം.
ഉഴക്കാഴക്കൊരുരൊളിലതിലേരണ്ഡതൈലവും.
തുളിച്ചു മൂന്നുദിവസം പിബേച്ഛൂലാം വ്യപോഹതി.
കൊതരം ദീപ്യകം ചൂർണ്ണം നേരൊക്കെപ്പട്ടചൂർണ്ണവും.
ഏരണ്ഡതൈലെ നക്കീടിൽ ആമശൂലയൊഴിഞ്ഞുപോം.
ഓപ്പാനുമരുതാതോരു ശൂലചെന്നങ്ങടങ്ങുവാൻ
ചവൽക്കാരം പുടിച്ചിട്ടു ചുടുനീരമൃതോപമം.
ആടലോടക പത്രസ്യരസം തൈല സമന്വിതം.
വയററിൽ നോവൊഴിപ്പാനായ് വാതവ്യമൃതോപമം.
* മഹത : പഞ്ചമൂലസ്യ കഷായെ പനതൻകല.
പലാശം കളളിയും പിന്നെ കടലാടി പൊളിന്തൊലി.
ഇവ ഇട്ടു ദഹിച്ചുളള തിരുനീരുദകം പിബേൽ,
ഒഴിയും ശൂലനോവെന്നതൊഴിയാത്തതുമക്ഷണം.

മഹൽപഞ്ചമൂലം = വലിയപഞ്ചമൂലം.

ചുക്കു ചിററമൃതേരണ്ഡ മൂലംകൊണ്ടു നിദിഗ്ദ്ധികാം.
ഇട്ടുകാച്ചും പയ : പീതം സദ്യ : ശൂലാം വ്യപോഹതി.

* കൂവളം, കുമ്പിൾ, പാതിരി, പയ്യാഴാന്ത, മുഞ്ഞ ഇവ അഞ്ചും.



ഈഴെച്ചേമ്പിനുടെ തണ്ടു വാട്ടിക്കൊണ്ടു പിഴിഞ്ഞുടൻ
കൊട്ടുവേലിയരച്ചിട്ട് ഇവശൂലാം വ്യപോഹതി.

വട്ടപ്പത്ര . . . . രസകലം കുത്തി ഇന്തുപ്പുകൂട്ടി-
പ്പച്ചത്തക്രം പഴകിനംഛടെ വിത്തി യുക്തക്രമേണ.
നിക്ഷിപ്യാസ്മിന്നൊരു ദിനമിരുന്നഞ്ചു നാളായ്ക്കുടിക്ക-
കെല്ലും പുംസാ മരികിലണയാ ശൂലയെന്നുളളതെന്നും.

ചുക്കിൻ പുണങ്ങിനെ വറുത്തുപൊടിച്ചതൈലം
കൂട്ടിട്ടുരുട്ടിയുളവാം ഗുളികാം ദിനാദൌ.
മൂന്നായ്മിഴുങ്ങുവിതൊരോന്നിവ പച്ചമൊത്തു
കാണമ . . . . . ററുപോം ഝടുതിശൂലയുടെ
[വികാരം.

ആവണക്കിനുടെ പത്രരസം തൈലേനസംയുതം
പിബേൽ മുലയ്ക്കുകീഴ് നോവു (ശൂ) ശമിപ്പാനായയതമായ്
അമ്മാമൻ തന്നിലയെ മുറുകെക്കെട്ടിയൊപ്പിച്ചിരിഞ്ഞി-
ട്ടങ്ങോടിങ്ങോട്ടു ദരഗതമാം നോവിളപ്പാൻ ക്ഷണേന
നല്ലോരേരണ്ഡതൈലം ചെറിയതൊരു ലസത്താമ്രപാത്രേ
[വെതുമ്പി
ച്ചെമ്മെ കൊളളുന്നുവെങ്കിൽ പരമിഹ ഭിഷജാം നാസ്തി
[ശൂലാപഹാരി.

ഞരമ്പു പൊങ്ങും തലനൊം വയറു വീർത്തു
[കുത്തിനോ (വ്)-
(ഇ) [വി] തി സംലക്ഷയേദ്വിദ്വാൻ ഗുന്മശൂലസ്യ
[ലക്ഷണം.

ചിഞ്ചാപത്രരസം കുറുക്കിയതിലേ നാലൊന്നു തൈലാന്വിതം
നന്നായ്നോം പുഴുതിൽ കുടിച്ചകവണം മാറത്തു തട്ടുംപടി
നന്നായാസ്തരണെ കിടന്നിതിതദാ ചെയ്യുംന്നുണ്ണാം മാറുനോ-
വെന്നാൽ തോന്നുകയില്ല മൂന്നുദിവസം ദർവ്വാങ്ങ്
[മുഹൂത്താത്തുവാ.

പരാവതസ്യജംബീര്യാ ; പൃഥക് പത്രരസം പിബേൽ
തൈലേന സ്തനയോർമ്മൂലം രുക്ഷ സദ്യസ്സുഖീ ഭവേൽ.

പരാവതം = ചെറുനാരകം. ജംബിരി = ചോനകനാരകം.

ശുഷ്കം കാദളം പക്വം

ഖാദേച ശ്ലക്ഷ്ണേണ നാളികേരേണ.

ഖക്ഷോദരജം ജയേൽ

സർവ്വവ്യാപ്തം മഹാരുജന്തമപി.

എണ്ണ എട്ടിനനച്ചിട്ടു് പിപ്പലീഹിംഗുനാഗരൈ :
പുക ഏററുകിലപ്പോഴെ മൂലകീഴ് നോവൊഴിഞ്ഞു പോം.
കിഴാർനെല്ലി പിഴിഞ്ഞിട്ട തൈലേന സഹസേചയേൽ.
മൂലകീഴ് നോനരന്മാർക്ക കേവലംഗത ഏവച.
വിഴാൽവേർ കടലാടി ഭ്രസുരമരം ചുക്കുള്ളികൊം കുവ്വളം
മുത്താ മുവ്വില യാവണക്കപ്പുടയാവെള്ളം തഥാമോടകം.
എല്ലാ മൊക്കെനെ വന്തുവെന്തുകുടിനീർ കായം കണാ [സൈന്ധവം
ക്ഷാരം മേപ്പടിയിട്ടു പീതമുപദേശം പോലിദം ശൂലിനാം.
ഭ്രസുരമരം = പ്ലാശിൻതൊലി. കൊള്ള് = മുതിര.
കിട്ടത്തിൻപൊടിനാഴി കാന്തമുരിയും നാഴിക്കുനാലൊന്നുടൻ
ചിഞ്ചാഭ്രതിപൊടിച്ച ചിത്രകമതും മുഷ്ടിപ്രമാണം തഥാ
*കൃഷ്ണം ശ്വേത മിരണ്ടുമഭ്രകമുടൻ വേരിട്ടു് ത്രിംശൽ കഴ-
ഞ്ചോരോന്നേ ഇവ നാൽ കഴഞ്ചു് നിശളാസൂതന്തഥാഗന്ധകം.

കയ്യന്നിമോടക കഴഞ്ചിമുരുക്കിവററിൻ
മാറൊക്കമാറുരിയുരിച്ചു് പിഴിഞ്ഞു കൊണ്ടു്
നേരൊത്തരച്ചു് ദിവസത്രയവും കഴിഞ്ഞാൽ
പിന്നെച്ചമയ്ക്ക ഗുളികാം പുനരെൺപതാക്കി.
നോവുന്ന നോവു വിളിശോദര പാണ്ഡുഗുന്മം
വേറിട്ടുജാഠര കൃശാനു വിവൃദ്ധിമേതി.

കിട്ടം = പുരാണകിട്ടം ; അയസ്കാന്തം ; ചിഞ്ചാഭ്രതി = പുളിന്തൊലിചുട്ട ഭസ്മം. ചിത്രകം = കൊടുവേലിക്കിഴങ്ങ്. സൂതം = രസം.

വറുത്തരിവിനിക്ഷിപ്യ തികത്തിനജലംപിബേൽ
ഇതിൽ പരമരാചെയ്ക വിശിഷ്ടം നാസ്തി ഭേഷജം.
അയമോദകമിന്തുപ്പ് ഇവ കോഷ്ണേന വാരിണാ
പിബേജ്ജീർത്തിനാശായ നരാണാമേതദുത്തമം.
അമ്മയുള്ളകാലത്തു് ഞെഴുകിൻ വേരുമുപ്പുമായ്
ചവം പന്നിരിറക്കീട്ടുപോം വിരേചനവും വരും.

* കൃഷ്ണം = കൃഷ്ണാഭ്രകം. ശ്വേതം = ശ്വേതാഭ്രകം,



കൊടുത്തൂവ്വയുടെ വേരുമുപ്പും മുളകുമെന്നിവ
ചവച്ചു നീരിറക്കീടിൽ ശമിക്കും കൊതിയെന്നതു്.
ചുക്ക് ചുണ്ട കടലാടിമാണവേരിട്ടനത്തിനജലം പിബേൽ [ക്ഷണാൽ
തക്രമിടംക്കരിയുമിട്ടുമങ്ങിനെ വെച്ചനെക്കൊതി ഉളച്ചുപോം [പ്രഗേ.

ഇടംക്കരി = ഇളളലക്കരി.

നെടിയന്താരുടെ നിരുമ്പുനീരും സമം പിബേൽ
കൊടുതായുള്ള കൊതിയും ക്ഷയവും പോമയത്നമായ്.
കാഞ്ഞിരത്തിന്റെ നീരെച്ചവച്ചും നീരെറക്കിനാൽ
പാഞ്ഞുപോം കൊതിയപ്പോഴെ മാരുതാത്തൂലവൽക്ഷണാൽ.
ശംഖജംബീരപത്രാണി കുത്തിത്തക്രത്തിലിട്ടുടൻ
പിഴിഞ്ഞരിച്ചു പടുനാ കുടിയ്ക്കിൽ കൊതിപൊയ്ക്കെടും.
പുളിയിലയുടെ നീരും മോരും പലാദ്ധ്യമോരോന്നിതിൽ
പടുവിരുകഴഞ്ചിത്ഥം കൂട്ടിപ്രഗേ വരുകീടിനാൽ
വിളിശക്കുശമാം മററും തിയ്യും കെടും ജഠരാമയം
പലരുമിതുവെനന്നെന്നാഹ മഹൌഷധവേദിനഃ
ആരച്ചൂർണ്ണമനാമമത്ര കലിശക്കളളത്തിതൻ പാലിലി-
ട്ടാരെച്ചേർത്തുവിരഞ്ഞു കൊണ്ടു ഗുളികാംകൃത്വാ വിശോഷ്യാദ [രാൽ.
തേനും കൂട്ടിയലിച്ചലിച്ചു ലിഹതാം പ്ലീഹാമയാനിധ്രുവം
നാശംയാന്ത്യചിരേണ മററുമുദരെ ജാതാനിരോഗാണ്യപി.

പാഠാഗ്നിചവ്യഹപുഷാ കണമൂലശൌണ്ഡീ
ദുസ്പൃക്ക് ചുള്ളി കടലാടി പുനർന്നവാച.
താർതാമ്പൽത്തുമ്പവര ചുക്കിവ മോർ ചമെപ്പാൻ
മൂന്നൊന്നുചുക്കുപടുവും വിളിശോപശാന്ത്യൈ.

അഗ്നി = കൊടുവേലി. ചവ്യം = കാട്ടുമുളക്. ഹപുഷാ = അടക്കാമണിയൻ. കണമൂലം = കാട്ടുതിപ്പലിവേര്. ശൌണ്ഡി = തിപ്പലി. ദുസ്പൃക്ക് = കൊടിത്തൂവ്വ. പുനർന്നവ = തവിഴാമ. വര = ത്രിഫല. പടു = ഇന്തുപ്പ്.

ഇന്തുപ്പ് തിപ്പലി വിഴാലരി ചുക്കുദീപ്യ-
മെന്നുള്ളവറെറാടു കൊടിത്തൂവതൈ : സമാംശം.
കൊണ്ടത്രിവൃത്തുമവചൂർണ്ണ്യഗുളേന തിന്നാ-
ലേറെപ്പെരുത്ത വയറും കൃശതാമുപൈതി.

ദീപ്യം = അയമോദകം. ത്രിവൃത്ത് = ത്രികോൽപക്കൊന്ന.

ചുക്കും ജീരകവും മുകിൽകണയുമക്കൊട്ടം വിഡംഗം വചാ
പഥ്യാചേതിപൊടിച്ചുകൊണ്ടു ലിഹതാ മുക്തപ്രകാരേണതൽ
പിത്തജജ്വർത്തിയഴൽച്ചനോവു ക്രിമിയും നോവും തഥൈവോ [ദര-
വ്യാധീനാശുനിഹന്തി പാപനിചയം ധാതുര്യഥാ ശങ്കര:

മുകിൽ = മുത്തങ്ങ. കണ = തിപ്പലി. വിഡംഗം = വിഴാലരി.

വെളുത്തചാരണാം നെയ്യിൽ കൊടുക്കദരരോഗിണാം.
കൊട്ടവും ചുക്ക മുത്തങ്ങ പൊടിച്ചു സഗുളം ദദേൽ
ഉളുളിപ്പാൽ കുടവാതഘ്നമുളളിക്കാടിയുമങ്ങിനെ,
മൂന്നും നാഴിപചിച്ചിട്ടു ഉഴക്കാഴക്ക തൽപിബേൽ.
കടുത്രയത്തിലൊന്നൊന്നു കടുക്കതൈ: സമം കനൽ
പൊടിച്ചാജ്യേന മധുനാലിഹതാം പാണ്ഡുനാശനം.

കനൽ = കൊടുവേലിക്കിഴങ്ങ്.

കൊടുവേലിയുമിന്തുപ്പും കണയെന്നിവ കല്ക്കമായ്
ഇഞ്ചിനീരിൽ ചമച്ചുണ്ടാമന്തനൈ പാണ്ഡുനാശനം.

കണ = തിപ്പലി.

കൊടുവേലി പുരാകിട്ടം തിലം കയ്യന്നിമുത്തിളം.
അരച്ച് മോരിൽ വെന്തിട്ടു പിബേൽ പാണ്ഡുവിനാശനം.

പുരാകിട്ടം = പുരാണകിട്ടം.

കദളീപകചസംയുക്തം ബൃഹത്സൂരണകന്ദകം
ഏതിരേതിക്കിൻക വല്ലോക്കുന്നഹിപാണ്ഡു ഗദാദ്ഭയം.

സൂരണം = കാട്ടുചേന. കദളീപകം = കദളിപ്പഴം.

പുരാണകിട്ടപ്പൊടി നല്ല ഗന്ധകം
കുമാരിനീർ വീത്തിയരച്ചുകൊണ്ടു
പരാദ്ധ്വഭാഗം ജുഷതാം നരാണാം
പ്രയാതി പാണ്ഡുശ്ശമമത്രമാസാൽ.

കുമാരീനീരു = കററുവാഴവെളളം. വരാദ്ധ്വഭായം = ത്രിഫലപ്പാതി.

നാരങ്ങാ നീരിരിമ്പിന്മേൽ വീത്തി ഞാറയുടെ ശിഫാം
പേഷിതാം പായയേന്മോരിലാശുപാണ്ഡു വ്യപോഹതി.

ഞാറശിഫ = വട്ടഞാറവേരിന്മേലെത്തൊലി.



കയ്യന്നി നല്ല മുളകഗ്നി പുരാണകിട്ട-
മെല്ലാം ക്രമാച്ചരണഹീനതയാ വിചൂർണ്ണ്യ
നല്ലോരു മോരിലജമോജ സ(ന്ന)[നാ]ഗരാഭ്യാം
മുന്നാം കുടിക്കിൽ മുരടററുപയാതി പാണ്ഡു:

കയ്യന്നി = കുഞ്ഞെണ്ണി. അഗ്നി = കൊടുവേലി. അജമോജം = അയമോദകം. നാഗരം = ചുക്ക്.

മുക്കാലോധ്രം ചെറിയ സുധയും കൊണ്ടുവെയ്ക്കും കഷായം
മുഖ്യം പാണ്ഡുപ്രശമനവിധൌ മുക്തശങ്കം വദാമി.
(മററീ) ഈഴച്ചേമ്പിന്നടിയിൽ വരുമത്തണ്ടുമത്തിയ്യുമായ് [വെന്തതക്രം
ചാലെ പാണ്ഡ്വാ: പ്രശമനകരം തസ്യഭുക്തൌ വിശേ [ഷാത.

മുക്ക = ത്രിഫല. ലോധ്രം = പാച്ചോററി. തിയ്യ് = കൊടുവേലി.

വിശൽകാണം മഹിത ഞെഴുകിൻവേരരച്ച്ായസെ വെ-
ച്ചുണ്ഡിച്ചന്നന്നതിനെ ഏതിരെ പായയേൽ സൌമ്യതക്രെ.
അന്ത: പിത്ത പ്രശമനവിധൌ പാണ്ഡുരോഗേഷു നല്ലൊ-
ന്നുണ്ഡിച്ചേവം കുടഞ്ഞെഴുകുമിന്നങ്ങിനെ നന്നതീവ.

മൂലം വറുത്തിട്ടു പൊടിച്ചു സംഘൃതം ലിഹേൽ
ബാലാനാം പാണ്ഡുരോഗഘ്നം മേഹിനാം മേഹനാശനം.

പിത്തക്കാമില രക്തകാമില ഘടം മുമ്പായതും മൂങ്കറു-
പ്പേറീടുന്ന തഴൽച്ച ഏറിനതുമററൂതുന്നതും കണ്ണയോ:
ഉച്ചൈരങ്ങെറിയുന്നതും മുനിജനാ മേധാവിന: കാമിലാ-
മേഴന്നാഹുരതിവഭേഷജവിദോ ലക്ഷ്മാണിവക്ഷ്യാമ്യഹം.
കയ്യും കാലും തളരുമധികം പീതമാം നേത്രമൂത്രം
കണ്ണോ നേത്രാരുണതചുഴലും ജ്വർത്തിയും മദ്ധ്യരാത്രെ.
ചെയ്യും കാണാമിടയിലൊഴിയും ദാഹവും തിക്തകാംക്ഷാ
ചൊന്നേൻ പിത്തപ്രകടിതതനോ: കാമിലായാം നിദാനം.
വില്വച്ചാറെററിലജസഹിതം പായയേൽ കാമിലായാം
പിത്തോത്ഥായാ: പ്രശമനവിധൌ നല്ലനെയ്യും തഥൈവ.
മററും പിത്തപ്രശമനകരം കാമിലാഭേഷജാനാ-
മുക്തം യുക്തം നവരമപരം കാമിലാഭേഷജേഷു.
രക്തംകണ്ടു മയങ്ങി വീഴുമുടനെ ഞെട്ടും മയങ്ങും മനോ-
നക്തം ജ്വർത്തി പെരുക്കമേററമരുചിക്കാവാസമാകും നര:

രക്തക്കാമിലതൻ നിദാനമിതുതാൻ ധാത്ര്യാർദ്രകോത്ഥം രസം
ക്ഷൌദ്രേണ പ്രപിബേത്തദൌഷധവിധൌ തൽപിത്ത
[ശാന്ത്യൌഷധം.

ധാത്രി = പച്ചനെല്ലിക്ക. ആർദ്രകം = ഇഞ്ചി. ക്ഷൌദ്രം = തേൻ.

ഏറെത്തേറരുതേറെ വീക്കമസകൃൽകാലും തളൎന്നങ്ങിനെ
ചാത്രരുക്കാം വിറച്ചോരിക്കൽ വയറും വീക്കം കടക്കാമില.
താനുണ്ടാകിലതിന്നു വേണ്ടുമഴലും ഭൂയോനവാ തുല്യമായ്
ചൂൎണ്ണീകൃത്യപിബേ ദ്ദഗചിതിയതിം നല്ലാർദ്രകാഖ്യംഘൃതം.
മേലെങ്ങും നോമരുചിപെരുകും ദാഹമുണ്ടാം ചുമക്കയും
മേചിക്കും മെയ്യ്പിച പഴകും മേചകക്കാമിലായാ:
വാതശ്ലേഷ്മപ്രശമനകരം നല്ലതസ്യാഃ പ്രശാന്ത്യൈ
യാതൊന്നുക്തം തദിഹനിതരാം.തൽപ്രതീകാരമാഹ:
ചൂതപ്പത്രാമലകമധുവാരിപ്പൊടീനാ . . . .
മേകാർദ്ധാൎദ്ധം തദനുരജസാമൈക്യഭാവം വിധായ.
ഭൂയശ്ചൂൎണ്ണാദ്വിഗുണിതഗുളെ പത്തുകാണദ്വയം ത-
ല്ലീഢം ചാലെ പ്രശമനകരം സ്യാൽകരിം കാമിലായാ:
വക്ത്രേ നേത്രേ ജ്വരകുഹരെ ചുടെഴും നെഞ്ചുരുക്കി
പൃഷ്ഠാന്മുക്തച്ചിയരിൽ വരുമക്കാമിലേത്യാഹുരാര്യാ:
ഉൾത്താപം മിക്കറികയഴലെന്നാദിയാം പേരുമസ്യാ:

വാരാഹി നല്ല തുക ചിററമൃതിൻ ഭവിക്കും
നൂറുംകണാച മരമഞ്ഞളും തുടിസ്സിതാച:
ചൂൎണ്ണിച്ചുകൊണ്ടിരുകഴഞ്ചു നനച്ചു തേനിൽ
നക്കീടുവോക്കരിയകാമില മൂന്നുമില്ല.

വരാഹി = നെൽപന. തുക = കുവ്വപ്പൊടി. തുടി = ഏലത്തരി.

തുളസീദളചൂൎണ്ണേന തുല്യമിഡംക്കരിതൻപൊടി
സഹമുക്കടുനാതക്രെ പിബതാം കാമിലാപഹം.

ഇഡംക്കരി = ഇളളലക്കരി ; മുക്കടു = ത്രികടു.

കൊടുവേലിനിശാമുസ്താ പുരാകിട്ടഞ്ചജീരകം
ഇളന്നീരിലരച്ചിട്ടു ചൂതപല്ലവവും തഥാ
കാട്ടുതിപ്പലിവേർ നല്ല തുടരിമൂലചമ്മച
ഒക്കപ്പൊടിച്ചു തക്രത്തിൽ പിബതാം നാസ്തികാമില.

നിശ = വരട്ടുമഞ്ഞൾ. പുരാകിട്ടം = പുരാണകിട്ടം.
ചൂത പല്ലവം = മാവിൻ തളിര്.



ചെമ്പകപ്പൂവിൽ മുററീടുന്നങ്കുരാണാംതു കല്ക്കം
പയ്യുഷ്ഠിതാജലേപീതം കാമിലാനാശനം പരം.

ആറുകാലുമമൃതും കൊഴുപ്പയും
വാസവാഖ്യലതയും പിഴിഞ്ഞതിൽ.
വേകുമെണ്ണകളീക്കിഴങ്ങുമായ്
നാശയേദഖില കാമിലാഗദാൻ.

ആറുകാല് = കഞ്ഞുണ്ണി. വാസവാഖ്യലത = ഉഴിഞ്ഞ.

അജ്ഞടായുഗളം പേഷിച്ചിളന്നീരിൽ പ്രഗെ പിബേൽ
കഷായെ പാലുമായെവക്കയും കഞ്ഞിയും കാമിലാപഹം.

ഉക്ഷശൃംഗഭവമൃത്തികാസമം
പച്ചയുള്ള നിലവേരുമിട്ടുനെ-
വെച്ചരുക്കിയതുകൂട്ടിയാകിലീ-
മൃത്തികാദനമൊഴിഞ്ഞുപോയിടും.

ഉക്ഷശൃംഗഭവമൃത്തിക = കാളക്കൊമ്പിന്മേലെ മണ്ണ്.

താൎത്താവൽവേരും കടലാടിവേരും
ദേവ്യാശ്ചമൂലം തൃണപഞ്ചമൂലം
കാഞ്ച്യാഥപിഷ്ടാ തുടിചൂൎണ്ണമിശ്രം
ക്ഷീരേപിബേദ്ദുഷ്ണവിനാശനായ.

ദേവി = പുവ്വാംകുറുന്നില. തൃണപഞ്ചമൂലം = ദൎഭ, ആറുദൎഭ, കരിമ്പ്, അമ, വരിനെല്ല്. തുടി = ഏലത്തരി.

നെല്ലിക്കാത്തൊലി ചുക്കു ചിററമൃതിൽനിന്നുണ്ടായ നൂറും പുരാ-
കിട്ടം കുവ്വളമെന്നൊരൊന്നിവ പലം ചൂൎണ്ണം വിധായാദരാൽ
അഞ്ഞാഴിശ്ശ വരാമൃതൊ ഭവരസെ പക്ത്വാലിഹേച്ചൂൎണ്ണിതം
തൂൎണ്ണം പിത്തവികാരമാശു ശമയേൽ മധ്വാജ്യളേനാന്വിതം.

പുരാകിട്ടം = പുരാണകിട്ടം. വരാരസം = ത്രിഫലകഷായം.
അമൃതരസം = ചിററമൃത് ഇടിച്ചുപിഴിഞ്ഞ വെള്ളം. മധു = തേൻ.

കാന്തക്കല്ലും മുറുകിന പുരാകിട്ടവും ഗേഹധൂമം
മൂന്നും മൂന്നായ്പരിചൊടു പൊടിച്ചുത്രികംവാഴനീരിൽ
മൂന്നുംകൂട്ടിഗ്ഗുളമതിലിട്ടുണ്ടചെയ്യിട്ടുണക്കി
ത്തുണ്ടിത്തിന്നുന്നവർകളിലെഴാ പിത്തമെന്നുള്ള
[തൊന്നും

കാന്തം = അയസ്കാന്തം. ഗേഹധൂമം = ഉള്ളിലക്കരി. ഉണ്ട = ഗുളിക.

തുളസിമുളക പിണ്ണാക്കെന്നിതെല്ലാമൊരർദ്ധം
മഹിത പഴയകിട്ടാലഷ്ടമാംശഞ്ചതീവം.
മറുപകുതിമുതല്ക്കായ് ചൂർണ്ണിതം നിഷ്കമാത്രം
പൊടി നിശിനിശിതിന്നേ പോയ്ക്കെട്ടും പിത്തമാശു
നാളികേരതരുണോദകം പിബേ-
ദൂഷണപ്പൊടിയുമിട്ടു പിത്തനീർ
ഏഴർകയ്യിൽ മരുവുന്ന കാണവൽ
പോയ്ക്കെട്ടും പെരിയ ചൂട്ടമക്ഷണം.

ഊഷണപ്പൊടി = മുളകുപൊടി.

നല്ലോരുപാലിദ്ദരപുഷ്പമൂല
നല്ലൊന്നുപിത്തപ്രശമായ പാത്രം
തന്നീരുമൊട്ടെണ്ണയുമാകതേപ്പാ-
നഞ്ജീതവൈകുന്റമലർജലേന.

ദരപുഷ്പം = ശംഖ്ഷ്പം. വൈകുന്റമലർ = തുമ്പപ്പൂവ്.

നല്ലോരീരപന കേരിപൂഗമിവതൻവേർ നീരിരാമച്ചവും
നന്നാറി മുകിൽബന്ധുജീവകുസുമം ശ്രേഷ്ഠാചഭൃംഗ്യൂ
[ഷണൈ
കർപൂരം മൃഗനാഭിസിന്ധുരമൃതിം നൂറഞ്ചു നീർകന്ദവും
യഷ്ടീരുക് തുടിമാഞ്ചിയഞ്ജനനിഭൈശ്ചൂർണ്ണഞ്ച
[വിദ്ധ്യാൽസമൈ.

അച്ഛിദ്രമായ തുണിതന്നിലടുത്തവണ്ണ-
മിച്ചൂർണ്ണകേന കൃതപൊട്ടളകം നിധായ
പച്ചെണ്ണവീത്തിനഘടെ കൃതധാന്യപാക-
മിത്തൈലമാശു വിനിഹന്തിഗദാനശേഷാൻ.

കേരി = തേങ്ങ. പൂഗം = കവുങ്ങ്. മുകിൽ = മുത്തങ്ങ.
ബന്ധുജീവകുസുമം = ചെമ്പരുത്തിപ്പൂവ്. ശ്രേഷ്ഠ = ത്രിഫല.
ഭൃംഗി = കഞ്ഞുണ്ണി. ഊഷണം = മുളക്. മൃഗനാഭി = കസ്തൂരി.
സിന്ധു = ഇന്തുപ്പ്. അമൃതിൻനൂറ് = ചിററമൃതിൻെറ ഊറല്.
നീർകന്ദം = ആമ്പൽകിഴങ്ങ്. തൈതൽകിഴങ്ങ് = താമരവളയം.
രുക്ക = കൊട്ടം. തുടി = ഏലത്തരി. പൊട്ടളകം = കിഴി.



പുരാണകിട്ടം തവിഴാമമുത്തിളും
കരന്തകാളീതിലമഗ്നിഭൃംഗിയും
ഇലന്തപത്രം കടുദീപ്യസൈന്ധവം
തഥൈവചുക്കെന്നിവ കൂട്ടിയാദരാൽ.
അരച്ചുമോരിൽ പുലരെ കുടിച്ചാ-
ലിളച്ചുപോം കാമിലപാണ്ഡുരോഗം.

അഗ്നി = കൊടുവേലി. ഭൃംഗി = കഞ്ഞുണ്ണി. കടു = തിപ്പലി.
ദീപ്യം = അയമോദകം.

ഇരട്ടികിട്ടം തിലകൃഷ്ണചൂർണ്ണം
ഗുളത്തിലെ നക്കുക ചുക്കുകൂട്ടി
ഇത്തൂത്തലുക് കാമിലയും കൊടുപ്പ-
കിടക്കിൽ നന്നെന്നു ഗുരൂപദേശം.

കൃഷ്ണ = തിപ്പലി.

മണ്ഡൂരം തവിഴാമ ചുക്കുക്കടകൻ കയ്യുന്നി ദീപ്യം തഥാ
ഹംസാനാം ഖലു പംക്തിയും ത്രിഫലയും കൂടങ്ങരച്ചാ
[ദരാൽ.
കേരാണാം തരുണം ജലം ഘടമതിൽ പ്രക്ഷിപ്യ നാലഞ്ചു നാൾ
ചെന്നാലങ്ങു രസായനം ഖലുതരാം നീരും ക്ഷണാൽ കാമില.

പിബേദിളന്നീർ തവിഴാമമിശ്രം
കയ്യുന്നിനീരും തിലജേനമിശ്രം
നിലംപെരണ്ടപ്പൊടി പാലിലെന്നതും
മരുന്നു കൈകണ്ടവ കാമിലായാ:

ഇല്ലിൽ പരന്ന കരിയും പടുവാറുമൊന്നാ-
യന്നീരിലാവുമുകവേർമുകുളം വിചൂർണ്ണ്യ
ഹയ്യംഗവീനസഹിതം ദശപുഷ്പനീരിൽ
ചെയ്യും കുഴമ്പഖിലശോഫരുജം നിഹന്ത്യാൽ.

മുരിങ്ങവേരും തവിഴാമവേരും
പച്ചിഞ്ചിനീരിൽ ശൃതപാൽ കുടിച്ചാൽ.
ചുരുണ്ടുപോം വീക്കമിരണ്ടുനാളിലെ
വരണ്ടു നന്നായിന ചുക്കുപോലെ

നെല്ലിക്കായും ചെറിയ പയറും നെയ്യുമായ് തേക്കുന്നാം
മെയ്യിൽത്തങ്ങാ ചൊറിയുമറുതിക്കും വിസർപ്പങ്ങ
[ളെല്ലാം.

തന്നെ മോരിൽ പരിചിനൊടരച്ചത്രജംബീരവല്ക്കം
തിന്നും തേച്ചാൽ പഴകിയൊരുപുൺ തീൎന്നുപോ
[മഞ്ചുനാളിൽ.

തെങ്ങിൻപൂക്കുല കോരവൃക്ഷമവരം മക്താമങ്ങളും താന്നിയും
മുത്തങ്ങായുമുശീരവും തിനയുമന്നീരും ഗവാംപാലുമായ്.
പിഷ്ടാതേക്ക ചിരങ്ങിളക്കുമചിരാൽ കീടംകടിക്കും പരം
മറെറല്ലാച്ചൊറിയും ശമിക്കുമചിരാൽ വീസർപ്പരോഗ
[ങ്ങളും.

കോരവൃക്ഷം = വരക.

നാല്പാമരം ത്രിഫല ചന്ദന സേവ്യകുഷ്ഠം
ചൊവ്വള്ളിചോരമകിലെന്നിവ കല്ക്കമാക്കി.
പൈമഞ്ഞൾ പർപ്പടരസെ പരിപക്വമെണ്ണ
തേക്കിൽകെടും ചൊറിചിരങ്ങു വിസർപ്പകുഷ്ഠം.

ചോരം = കച്ചൂരിക്കിഴങ്ങ്. പൈമഞ്ഞൾ = പച്ചമഞ്ഞൾ.

നീരട്ടിയെണ്ണതിലജേംഗുദിജേ കഷ്ണാ
(ഖ്യ) നാലെണ്ണയും മിളിതമായതുകൊണ്ടുവിതെണ്ണ.
വേറിട്ടിയും പുകിൽമരുന്നിതിനേകവിംശൽ
ചേരും വളാമിച രതിച്ചഹമദ്യതേഷാം.

കല്ലാൽ നാല്പാമരം മററരചർതരുമുരിങ്ങേതിപുല്ലാണ്ട്യപൂഷാ
തെച്ചീനൊച്ചീച കണ്ണാഭരണപലയുതാചെന്തരാദ്ര്യോപ
[പാലെ
വെള്ളപ്പത്രെത്ര്യമീഷാം മുരടുഭിഷജവും മഞ്ഞൾകീഴാഖ്യ
[നെല്ലി
കുത്തിക്കൊണ്ടുള്ള നീരും വിദുരിഹവിദുഷസ്തൈലപാ
[കൌഷധാനി

അരചർതരു = കൊന്ന.



ത്വക്ശ്രീമൂലൈ: കഷായൈ: സ്വരസമഥ പുനൎഭേഷജൈ
[ശ്ശ്രാവശിഷ്ടൈ-
സ്തൈല്യൎഗ്ഗാൎദ്ധ്യ പ്രമാണം വിഹിതമിഹഗവാം മൂത്രമുക്തദ്ര
[വേസ്മിൻ.
പക്വാതിസ്ഥിട്ടുപാരം പുടവകളിലരിച്ചെണ്ണതേക്കും ജനാനാം
കുക്ലൈട്ടുഷ്ടവ്രണാദൈൎഭയമിഹകിനവിൽപോലു
[മുണ്ടാകയില്ല.

ത്വക് = തൊലി. മൂലം = വേരു.

കുന്നടി മിളകുമഞ്ഞൾ ക്ഷീരവും നല്ലപാലും
പരിചിപുടനെ വിത്തിക്കൊണ്ടരിച്ചാമരേണ
മശലിനമിതു തേച്ചാൽ മെയ്യിനുണ്ടാന കുഷ്ഠം
മുരടറുമഥതക്രെ നക്തപാനഞ്ചനന്നു.

നക്തം = മഞ്ഞൾ.

ഹരിദ്രാവാകുചീ കുഷ്ഠകാസീ സമഥസൈന്ധവം.
മരിചംചൈവ ഗോമൂത്രെ ലേപ: കുഷ്ഠ വിനാശന:

ഹരിദ്ര = മഞ്ഞൾ. വാകുചി = കാർപോകിലരി.
കാസീസം = ഇയ്യം.

തത്താവൽ വേരിരുകഴഞ്ചു മയൂരപിഞ്ഛം
താന്നും പലേ കുസുമമെണ്ണയിൽ വെന്തുതീയായ്.
നല്ലോന്നു നല്ലമുളകും നിശയും പൊടിച്ചി-
ട്ടാലേപയേമഖില കുഷ്ഠവിനാശനായ.
അരുഷ്കരം വിഷഫലം കൊന്നതന്നിലയും പട്ടു-
വറുത്തു സർപ്പിഷാ തേച്ചാലിളക്കും കുഷ്ഠമഞ്ജസാ.

അരുഷ്കരം = ചേക്കുരു.

കല്ലാലാവൽ പെരുത്ത രാജതരുവും വെമ്പാടനാല്പാമരം
കൊള്ളും വന്നിരുമുഷ്ടി ഷോഡശഗുണേ ഗോമൂത്ര
[സിദ്ധേരസേ.
മഞ്ഞപ്പാൽ നിശമുക്കടു ത്രിഫലയും ഹയ്യംഗവീനംതഥാ
തമ്മിൽ ചേർത്തിഴകുന്നതാകിലൊഴിയും കുഷ്ഠം
[വിസർപ്പങ്ങളും

രാജതരു = കൊന്ന. മഞ്ഞപ്പാൽ = പച്ചമഞ്ഞൾ ഇടിച്ച
പിഴിഞ്ഞ വെള്ളം. മുക്കടു = ത്രികടു. ഹയ്യംഗവീനം = വെണ്ണ.

നാഴി നൈ കുസുംബംപത്ഥ്യാ ഗോമൂത്ര പ്രസ്ഥകെ [പചെൽ
ലെഹയെ ഖിലം കുഷ്ഠം നാശ മെഷ്യത്യസംശയം

ത്രിഫല നിശചിതൽ പുറെറാക്കയൊപ്പം പൊടിച്ചി-
ട്ടറുപദ ഭവനീരിൽ തേച്ചു മൂവ്വേഴവട്ടം
വരുകക പശുമൂത്രെ സവ്വ കുഷ്ഠപ്രശാന്ത്യൈ
പുളിയൊഴിവിതു ഭക്ഷ്യെതൌപാലുമാ സ്സൂപനീയം.

അറുപദം = കഞ്ഞുണ്ണി.

അട്ടിക്കാപ്പൊടി പത്തുകാണമശനിപ്പം പത്രകാണദ്വയം
കെട്ടിക്കൊണ്ടൊരു നാഗവല്ലിയിലയിൽ ക്ഷിപ്ത്വാ [വരിഞ്ഞതങ്ങിനെ
അച്ചെന്നഴവൊരു വെട്ടിയിലയും തൈലെ ചതുമ്മുഷ്ടികെ
പക്ത്വാനക്കുകിൽ മെയ്യിലെങ്ങുമണയാകുഷ്ഠാൽ യഥാഷ്ഠാ ദശ.

ഇത്തക്കണ്ണി സമാനമായമിളകും നീത്ത്രരിതൻ പത്രവും
പത്രം വൻപരുവെക്കുമത്രപൊടിയായൊപ്പിച്ചു [കൊണ്ടങ്ങിനെ
നിത്യംതേനിൽ നനച്ചു നാല്പതുദിനം നക്കീടുവോർ [മേനിയിൽ
വററീടും പതിനെട്ടു കുഷ്ഠമൊഴിയും മററുള്ളരോഗങ്ങളും.

നാഴി എണ്ണക്കനാനാഴി ഗോമൂത്രം ഭൃംഗനീരപി
ഊഷണക്ഷണദാ കല്ക്കമേതൽ കുഷ്ഠവിനാശനം.

ഭൃംഗിനീര = കഞ്ഞുണ്ണി. ഊഷണം = മുളക് ക്ഷണദാ = വരട്ടുമഞ്ഞൾ.

കാരസ്കരസ്യ പഞ്ചാംഗം മിളകും മഞ്ഞളും തഥാ
കല്ക്കമായ്മോരിൽ വേമെണ്ണ കുഷ്ഠകണ്ഡൂതിനാശനം.

ഗോമൂത്രത്തിലരച്ചിട്ടനക്തം കറളവെഗവും
തീരുമച്ചൊറി കുഷ്ഠം പോം പാമാച പൊളിവീരയും.

നക്തം = പച്ചമഞ്ഞള്. കറളവെഗം = കറളെകം.

കാന്തം നക്തം ത്രിഫലയുമരച്ചുണ്ടചെയ്യിട്ടുണക്കി
കാണം വെട്ടിപ്പയസിനിതരാം തേച്ചുതേച്ചഞ്ചുനാളിൽ
വെണ്ടിൽക്കൂട്ടാം തകരയിലയും മോരുമായ്തെക്കുമന്നാൾ
തൊന്നത്തൊന്നച്ചൊറിയുമറുവും കുഷ്ഠവും മെയ്യിലില്ല.



പൊ:നാവിരസ്യ (൦) [ദ] വരും കനടിനിശയുമത്തുമ്പയും [നിംബപത്രാ-
ണ്യെല്ലാം പേഷിച്ചുമെയ്യിൽ തടവിത്തെരട്ടുപോകും കണ്ഡൂതി [കുഷ്ഠം.
എല്ലാംപോമഞ്ചുനാളിൽ ചൊറികയുമയുമംബികതവാമറച്ചുണങ്ങു
ന്നല്ലൊഴ്ന്നേതാദൃശം മററപരമൊരു മരുന്നില്ല ചൊല്ലാവതിന്നു്.

നാല്പാമരം പഴയചുക്കു് വരട്ടുമഞ്ഞാം
കൊന്നക്കുരുന്ന തകരക്കുരുവെന്നിതെല്ലാം
മോർവീത്തിയങ്ങുടനരച്ചു പലേപനേന
നാശംപ്രയാതിഹി വലിഞ്ഞുതിരുംകിടീവ.

അരക്കുംനെല്ലി നിയ്യാസം കള്ളിപ്പാൽ നിശ എന്നിവ
കാടിവീതു്യരച്ചിട്ടു് പൂചിനാലൊഴിയും ചൊറി.

മഞ്ഞാം പാലും ഗജപദരസം കള്ളിതൻ പത്രനീർമ-
റുമ്മത്തൊത്ഥം ജലമപിസമം കൂടിയുണ്ടാം ദ്രവേസ്മിൻ
ചെണ്ടും നക്തം പഴകിയതരച്ചി[ട്ടു] വെന്തോരു തൈലം
മെയ്യിൽതേക്കിൽ പെരിയെവിരിയെപ്പോം [കിടീവങ്ങളെല്ലാം.

മഞ്ഞാംപാലം = മഞ്ഞാം കുത്തിപ്പിഴിഞ്ഞ വെള്ളം. ഗജപദരസം = ആനയടി പിഴിഞ്ഞുള്ള രസം. കള്ളിപ്പത്ര രസം = കള്ളിയില പിഴിഞ്ഞ വെള്ളം. ഉമ്മത്തൊത്ഥം = ഉമ്മത്തില പിഴിഞ്ഞ വെള്ളം. നക്തം = വരട്ടുമഞ്ഞാം.

നാരങ്ങാനീരിൽ വെമ്പാടയരച്ചിട്ടുതിരുമ്പുക
പാമാകിടിപകണ്ഡൂതി നാശനെപരമൌഷധം.
കള്ളിക്കഴുത്തു ച്ചുടുള്ള വെണ്ണീരും നവനീതവും
